Travancore
Government Gazette
Supplement.

Thursday,
2nd September 1909.

൧൦൭൦-മാണ്ടത്തെ ൧-ം റെഗുലേഷനെ ഏകീകരിക്കയും ഭേദപ്പെടുത്തുകയും ചെയ്യുന്നതിനുള്ള താഴെ എഴുതിയിരിക്കുന്ന ബിൽ സാധ്യകാര്യ വിവരണ സഹിതം സകല ജനങ്ങളും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനെ സംബന്ധിച്ചുള്ള റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ബിൽ.

പീഠിക, — ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനെ സംബന്ധിച്ച റെഗുലേഷങ്ങളെ ഭേദപ്പെടുത്തേണ്ടതു യുക്തം ആയിരിക്കയാൽ ഇതിനാൽ നിയമപ്പെടുത്തുന്നതു എന്തെന്നാൽ:—

൧-ം ഭാഗം.

ആദി വ്യവസ്ഥ.

ചുരുക്കപ്പേർ ആരംഭം. — ൧. (൧) ഈ റെഗുലേഷൻ "൧൦൮ ലെ തിരുവിതാംകൂർ രജിസ്ത്രേഷൻ റെഗുലേഷൻ" എന്നു വിളിക്കപ്പെടുന്നതാകുന്നു.

(൨) ൧൦൮ -മാണ്ടു മാസം നു-ക്കു നടപ്പാകുന്നതാകുന്നു.

നിബന്ധനകൾ ദുർബ്ബലം. — ൨. (൧) അന്നും അന്നു മുതല്ക്കും ൧൦൭൦-മാണ്ടത്തെ ൧-ം റെഗുലേഷൻ ദുർബ്ബലപ്പെട്ടുപോകയും ചെയ്യും.

(൨) എന്നാൽ ഇതിനാൽ ദുർബ്ബലപ്പെടുത്തപ്പെട്ട ആ റെഗുലേഷൻപ്രകാരം ഉണ്ടായ എല്ലാ നിയമങ്ങളും പരസ്യങ്ങളും ചട്ടങ്ങളും ഉത്തരവുകളും രൂപീകരിക്കപ്പെട്ട ഡിസ്ത്രിക്കുകളും സബ് ഡിസ്ത്രിക്കുകളും സ്ഥാപിക്കപ്പെട്ട എല്ലാ കച്ചേരികളും, കണക്കാക്കപ്പെടുത്തിയ ഫീസ് നിരക്കുകളും ആ വക ചട്ടങ്ങളും ഉത്തരവുകളും ഇതിനു യോജിപ്പുകേടായുള്ളേടത്തോളം ഒഴികെ, ഈ റെഗുലേഷൻ അനുസരിച്ചു ഉണ്ടായതായും കണക്കാക്കപ്പെടുത്തിയതായും വിചാരിച്ചിരിക്കേണ്ടതാകുന്നു.

൧൦൮ -മാണ്ടു നു-ക്കു മുൻപു ഉണ്ടായ റെഗുലേഷങ്ങളിൽ, ഇതിനാൽ ദുർബ്ബലപ്പെടുത്തപ്പെട്ട റെഗുലേഷനെപ്പറ്റി പറഞ്ഞിട്ടുള്ളതു ഒക്കെയും ഈ റെഗുലേഷനിൽ അതിനു അനുരൂപമായ വകുപ്പിനെപ്പറ്റി പറഞ്ഞിരുന്നാലത്തെപ്പോലെ വായിച്ചു അറിയേണ്ടതാകുന്നു.

വ്യാഖ്യാനവും, — ൩. ഈ റെഗുലേഷനിൽ കാര്യഭാഗംകൊണ്ടോ മുൻപുപിൻപുള്ള വാചകംകൊണ്ടോ വിപരീതമായ യാതൊന്നും ഇല്ലാത്തപക്ഷം,

"വിവരണം"

(൧) "വിവരണം" എന്നു വച്ചാൽ വിവരിക്കപ്പെട്ടിരിക്കുന്ന ഒരാളുടെ വാസസ്ഥലവു തൊഴിലും സ്ഥാപരവും സ്ഥാനവും സ്ഥാനപ്പേരും വല്ലതും ഉണ്ടെങ്കിൽ അതും മതവും വംശവും ഒരു സ്വദേശിയുടെ കാര്യത്തിൽ അവന്റെ ജാതി വല്ലതും ഉണ്ടെങ്കിൽ അതും അവന്റെ അപ്പന്റെയൊ കാരണവന്റെയൊ പേരൊ ഇന്ന സ്ത്രീയുടെ മകൻ എന്നു വിവരിച്ചിരിക്കുമ്പോൾ അമ്മയുടെയൊ പേരൊ അതും എന്നു അർത്ഥമാകുന്നു.

"പുസ്തകം"

(൨) "പുസ്തകം" എന്നതിൽ ഒരു പുസ്തകത്തിന്റെ ഒരു ഭാഗവു ഒരു പുസ്തകമായിട്ടൊ പുസ്തകത്തിന്റെ ഒരു ഭാഗമായിട്ടൊ ആക്കണം എന്നു ഉദ്ദേശിച്ചു ചേർത്തു വച്ചിട്ടുള്ള എത്രയും എണ്ണം കടലാസുകളും ഉൾപ്പെടും.

"ഡിസ്ത്രിക്ടും സബ് ഡിസ്ത്രിക്ടും"

(൩) "ഡിസ്ത്രിക്ട്" എന്നും "സബ് ഡിസ്ത്രിക്ട്" എന്നും വച്ചാൽ ഈ റെഗുലേഷൻ അനുസരിച്ചു ഉണ്ടാക്കപ്പെടുന്ന ഡിസ്ത്രിക്ട് എന്നും സബ് ഡിസ്ത്രിക്ട് എന്നും അർത്ഥം ആകുന്നു.

"പുറത്തെഴുത്തു" "പുറത്തെഴുതി"

(൪) "ഇണ്ടാസ്മെണ്ട് അല്ലെങ്കിൽ പുറത്തെഴുത്തു" എന്നും "പുറത്തെഴുതി" എന്നും ഉള്ളതിൽ ഈ റെഗുലേഷൻ അനുസരിച്ചു രജിസ്തർ ചെയ്യാനായി ഹാജരാക്കുന്ന വല്ല ആധാരത്തിലും വിശേഷിച്ചു എഴുതിട്ടുള്ളതിലൊ, ആ ആധാരത്തോടുകൂടി ചേർത്തിരിക്കുന്ന മേൽകൂടിക്കടലാസു [illegible] രെജിസ്തർ ചെയ്യുന്ന ഉദ്യോഗസ്ഥൻ വല്ലതും എഴുതുന്നതും ഉൾപ്പെടുകയും ആ എഴുതുന്നതിനു ഈ പദങ്ങൾ സംബന്ധിക്കുകയും ചെയ്യും.

"ഇളകാത്ത മുതൽ."

(൫) "ഇളകാത്ത മുതൽ" എന്നതിൽ ഭൂമിയും കെട്ടിടങ്ങളും പരമ്പരയായുള്ള അനുഭവങ്ങളും വഴികൾക്കൊ വെളിച്ചത്തിനൊ കടവുകൾക്കൊ മീൻ പിടിക്കലിനൊ ഭൂമിയിൽ നിന്നു ഉണ്ടാകുന്ന മറ്റു വല്ല അനുഭവത്തിനൊ ഉള്ള അവകാശങ്ങളും, ഭൂമിയോടു ചേർന്നയൊ ഭൂമിയോടു ചേർന്ന വല്ലതിനോടും സ്ഥിരമായി ഉറപ്പിക്കപ്പെട്ടയൊ സാധനങ്ങളും ഉൾപ്പെടും. എന്നാൽ നില്ക്കുന്ന മരമൊ, വളരുന്ന വിളവുകളൊ പുല്ലൊ ഉൾപ്പെടുന്നതും അല്ല.

വ്യാഖ്യാനം— ഭൂമിയോടു ചേർന്നയൊ ഭൂമിയോടു ചേർന്ന വല്ലതിനോടും സ്ഥിരമായി ഉറപ്പിക്കപ്പെട്ടയൊ സാധനങ്ങൾ, അവയെ പിരിച്ചെടുക്കുന്നതിലേക്കായി കൈമാറം ചെയ്യപ്പെടുകയും കൈവശം കിട്ടിയ ആൾ അനുഭവിച്ചു വരികയും ചെയ്യുമ്പോൾ ഈ വകുപ്പിന്റെ അർത്ഥത്തിൽ ഉൾപ്പെടുന്നില്ല.

"പാട്ടച്ചീട്ട്."

(൬) "പാട്ടച്ചീട്ട്" എന്നതിൽ ഒരു എതിർചീട്ടും, കൃഷി ചെയ്യാനൊ നടപ്പാനൊ ഉള്ള സ്വീകരിക്കപ്പെട്ട കൈച്ചീട്ടും, പാട്ടത്തിനു എടുപ്പാനൊ കൊടുപ്പാനൊ ഉള്ള ഒരു ഉടമ്പടിയും ഉൾപ്പെടും.

"ബാലൻ"

(൭) "ബാലൻ" (മൈനർ) എന്നു വച്ചാൽ ഒത്തുതീർക്കാൻ ഉള്ള അധികാരങ്ങളുടെ വിഷയത്തിൽ ഒഴികെ ൧൮ വയസ്സു പ്രായം തികയാത്ത ആൾ എന്നു അർത്ഥമാകുന്നു. ഒത്തുതീർക്കാനുള്ള അധികാരങ്ങളുടെ വിഷയത്തിൽ ബാലൻ എന്നു വച്ചാൽ ഒരാൾ ഏതു ശാസ്ത്രത്തിനു ഉൾപ്പെട്ടിരിക്കുന്നുവൊ ആ ശാസ്ത്രപ്രകാരം യുക്തമായ പ്രായം തികഞ്ഞിട്ടില്ലാത്തവൻ എന്നു അർത്ഥം ആകുന്നതായി ഗ്രഹിക്കേണ്ടതാകുന്നു.

"ഇളകുന്ന മുതൽ."

(൮) "ഇളകുന്ന മുതൽ" എന്നതിൽ നില്ക്കുന്ന മരവും വളരുന്ന വിളവും, പുല്ലും, വൃക്ഷങ്ങളിലെ ഫലവും നീരും ഇളകാത്ത മുതൽ അല്ലാത്ത മറ്റു എല്ലാ വിധ മുതലും ഉൾപ്പെടും.

"പ്രതിനിധി."

(൯) "പ്രതിനിധി" എന്നതിൽ ഒരു ബാലന്റെയൊ ചിത്തഭ്രമക്കാരന്റെയൊ ബുദ്ധിശൂന്യന്റെയൊ രക്ഷിതാവും ഉൾപ്പെടും.

൨-ം ഭാഗം.

രജിസ്ത്രേഷൻ ഉദ്യോഗസ്ഥന്മാരെപ്പറ്റി.

രജിസ്ത്രേഷൻ ഡയറക്ടർ.

൩. നമ്മുടെ സംസ്ഥാനത്തിൽ ഉള്ള എല്ലാ രെജിസ്തർ കച്ചേരികളുടേയും പൊതുവിൽ ഉള്ള പരിശോധനയും ഭരണവും "രെജിസ്ത്രേഷൻ ഡൈറക്ടർ" എന്നു വിളിക്കപ്പെടുന്ന ഒരു ഉദ്യോഗസ്ഥനാൽ നടത്തപ്പെടുന്നതാകുന്നു.

൬. (൧) ൫-ാം റെഗുലേഷനിലെ കാര്യസാദ്ധ്യങ്ങൾക്കായി നമ്മുടെ സംസ്ഥാനം നമ്മുടെ അനുവാദത്തോടുകൂടി ഡിസ്ത്രിക്ടുകളായും സബ് ഡിസ്ത്രിക്ടുകളായും വിഭജിക്കപ്പെടുന്നതും അവയുടെ അതിർത്തികളെ ആ വിധാനുവാദത്തോടുകൂടി അതാതു സമയം ഭേദപ്പെടുത്താവുന്നതും ആകുന്നു.

ഡിസ്ത്രിക്ടുകളും സബ് ഡിസ്ത്രിക്ടുകളും.

(൨) ൧-ാം വകുപ്പു അനുസരിച്ചു രൂപിപ്പിക്കപ്പെടുന്ന ഡിസ്ത്രിക്ടുകളും സബ് ഡിസ്ത്രിക്ടുകളും ഇന്നവ ആണെന്നും അവയുടെ അതിർത്തി വിവരവും ആ അതിർത്തികൾക്കു വല്ല ഭേദഗതിയും വരുത്തുന്നതായാൽ ആ ഭേദഗതിയും ഗവർമ്മെണ്ടു ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

(൩) അപ്രകാരം ഉള്ള ഓരോ ഭേദഗതിയും അങ്ങനെ ഭേദപ്പെടുത്തിയതായി പറയുന്ന വിളംബരത്തിൽ പറഞ്ഞിരിക്കുന്ന തീയതിക്കു ആ വിളംബരം പ്രസിദ്ധപ്പെടുത്തിയതിന്റെ ശേഷം നടപ്പാകുന്നതാകുന്നു.

൭. (൧) ഓരോ ഡിസ്ത്രിക്ടിനും "രെജിസ്ത്രാർ" എന്നു വിളിക്കപ്പെടുന്ന ഒരു ഉദ്യോഗസ്ഥന്റെയും, ഓരോ സബ് ഡിസ്ത്രിക്ടിനും "സബ് രെജിസ്ത്രാർ" എന്നു വിളിക്കപ്പെടുന്ന ഒരു ഉദ്യോഗസ്ഥന്റെയും വരുതിക്കു താഴെ ഇരിക്കേണ്ടതാകുന്നു.

രെജിസ്ത്രാർമാരും സബ് രെജിസ്ത്രാർമാരും.

(൨) ഈ റെഗുലേഷനിൽ ൬-ാം വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്ന സംഗതിയിൽ ഒഴികെ ഡിസ്ത്രിക്കു രെജിസ്ത്രാർമാരേയും സബ് രെജിസ്ത്രാർമാരേയും നിയമിക്കുന്ന വിവരം ഗവർമ്മെണ്ടു ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

൮. (൧) വല്ല സബ് രെജിസ്ത്രാരും ഉദ്യോഗകാര്യവശാൽ എങ്കിലും മററു വല്ല വിധത്തിലെങ്കിലും ഹാജരില്ലാതിരിക്കുമ്പോൾ ആകട്ടെ അല്ലെങ്കിൽ ആ സബ് രെജിസ്ത്രാരുടെ ഉദ്യോഗം തൽക്കാലമായി ഒഴിവായിരിക്കുമ്പോൾ ആകട്ടെ ആ കച്ചേരിയുടെ മേൽവിചാരം രെജിസ്ത്രേഷൻ ഡൈറെക്ടർ തൽക്കാലമായി പകരം നിയമിക്കുന്ന ആളിൽ ഇരിക്കുന്നതാകുന്നു. എന്നാൽ അങ്ങനെ പകരമായി ആൾ നിയമിക്കുന്നതിലോ അല്ലെങ്കിൽ അയാൾ വന്നെത്തുന്നതിലോ വല്ല താമസവും സംഭവിക്കുന്നതായാൽ ആ കച്ചേരിയിലെ ഹെഡ് ഗുമസ്താ ആ കച്ചേരിയിലെ മേൽവിചാരം വഹിക്കേണ്ടതും ആ വിവരം ഉടൻ തന്നെ രെജിസ്ത്രേഷൻ ഡൈറെക്ടർക്കു റിപ്പോർട്ട് ചെയ്യേണ്ടതും ആകുന്നു.

സബ് രെജിസ്ത്രാർ തന്റെ സബ് ഡിസ്ത്രിക്റ്റിലോ രെജിസ്ത്രാർ തന്റെ ഡിസ്ത്രിക്റ്റിലോ ഹാജരില്ലാതിരിക്കയോ അല്ലെങ്കിൽ ആ ഉദ്യോഗം ഒഴിവായിരിക്കയോ ചെയ്താൽ.

(൨) വല്ല രെജിസ്ത്രാരും ഹാജരില്ലാതിരിക്കയോ രെജിസ്ത്രാരുടെ ഉദ്യോഗം തൽക്കാലമായി ഒഴിവായിരിക്കയോ ചെയ്യുമ്പോൾ ആ സ്ഥലത്തെ സബ് രെജിസ്ത്രാരോ ആ സബ് രെജിസ്ത്രാരും ഹാജരില്ലാതിരിക്കുമ്പോൾ ഡൈറെക്ടർ ആജ്ഞാപിച്ചേക്കാവുന്ന ആ ഡിപ്പാർട്ടുമെണ്ടിലെ മററു വല്ല ഉദ്യോഗസ്ഥനോ ആ ഹാജരില്ലാതിരിക്കുന്ന കാലത്തു ൩൩-ാം ൩൫-ാം വകുപ്പുകളിൽ വിവരിച്ചിരിക്കുന്നവയൊഴികെ രെജിസ്ത്രാരുടെ എല്ലാ ജോലികളും ചെയ്യേണ്ടതാകുന്നു.

൯. രെജിസ്ത്രേഷൻ ഡൈറെക്ടരും, രെജിസ്ത്രാർമാരും സബ് രെജിസ്ത്രാർമാരും ശംഖു മുദ്രയുള്ളതും താഴെ എഴുതിയിരിക്കുന്ന വാക്യം ഇംഗ്ലീഷിലും മലയാളത്തിലും അല്ലെങ്കിൽ തമിഴിലും മേലെഴുതീട്ടുള്ളതും ആയ ഒരു മുദ്രയെ ഉപയോഗിക്കേണ്ടതാകുന്നു.

മുദ്രകൾ.

"തിരുവിതാംകോട്ടു രെജിസ്ത്രേഷൻ ഡൈറെക്ടരുടെ മുദ്ര, അല്ലെങ്കിൽ ... ...
(സ്ഥലം) ... ... രെജിസ്ത്രാരുടെ അല്ലെങ്കിൽ സബ് രെജിസ്ത്രാരുടെ മുദ്ര"

൰. (൧) ഈ റെഗുലേഷനിലെ കാര്യങ്ങൾക്കായി ആവശ്യമുള്ള പുസ്തകങ്ങളെ രെജിസ്റ്റർ ചെയ്യുന്ന ഓരോ ഉദ്യോഗസ്ഥന്റെയും പേർക്കു രെജിസ്ത്രേഷൻ ഡൈറെക്ടർ ഉണ്ടാക്കി കൊടുക്കുന്നതാകുന്നു.

രെജിസ്റ്റർ പുസ്തകങ്ങൾ.

(൨) അപ്രകാരം ഉണ്ടാക്കി കൊടുക്കുന്ന പുസ്തകങ്ങൾ നമ്മുടെ ദിവാൻ വ്യവസ്ഥചെയ്യുന്ന മാതിരിയനുസരിച്ചു ഇരിക്കേണ്ടതും ആ പുസ്തകങ്ങളുടെ പാഠങ്ങളിൽ ക്രമത്തിനു എണ്ണം അച്ചടിച്ചിരിക്കേണ്ടതും രെജിസ്ത്രേഷൻ ഡൈറെക്ടരുടെ മുദ്ര പതിച്ചിരിക്കേണ്ടതും ആകുന്നു. ആ ഓരോ പുസ്തകത്തിലും എത്ര പാഠങ്ങൾ ഉണ്ടെന്നു ആ പുസ്തകത്തിന്റെ മേലെഴുതിയിരിക്കുന്ന വശത്തിൽ പുസ്തകങ്ങൾ അയക്കുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതും ആകുന്നു.

പാഠങ്ങൾ.

തീയും ഇല്ലാത്ത പെട്ടികൾ.

(൩) ഓരോ രജിസ്ത്രാർകച്ചേരിയിലും തീയും ഇല്ലാത്ത ഒരു പെട്ടി ഉണ്ടാക്കിയിരിക്കേണ്ടതാകുന്നു. ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനെ സംബന്ധിച്ച റിക്കാർഡുകളെ സൂക്ഷിച്ചുവെക്കുന്ന വകക്ക വേണ്ട ഏർപ്പാടുകൾ എല്ലാ രെജിസ്ത്രാർ കച്ചേരികളിലും ചെയ്യേണ്ടതാകുന്നു.

റിക്കാർഡ് കരുതിസൂക്ഷിപ്പ്.

൩-ാം ഭാഗം.

രജിസ്ത്രാക്കാവുന്ന ആധാരങ്ങളെപ്പറ്റി.

രജിസ്റ്റർ ചെയ്യേണ്ടതു വശ്യമുള്ള ആധാരങ്ങൾ.

൧൭. (൧) ഇതിനു നേരെ താഴെ വിവരിച്ചിരിക്കുന്ന ആധാരങ്ങൾ ൧൦൫൮-ലെ ൨-ാം റെഗുലേഷനോ, ൧൦൫൯-ലെ ൩-ാം റെഗുലേഷനോ, ൧൦൬൮-മാണ്ടത്തെ ൧-ാം റെഗുലേഷനോ നടപ്പായി വന്നതോ അല്ലെങ്കിൽ ഈ റെഗുലേഷൻ നടപ്പായി വരുന്നതോ ആയ തീയതിക്കോ തീയതിക്കു പിന്നിടോ ഒപ്പിട്ടു കൊടുക്കപ്പെട്ടതായിരിക്കുന്നു എങ്കിൽ ആ ആധാരങ്ങളെ രജിസ്റ്റർ ചെയ്യേണ്ടതാകുന്നു. അവ ഏതെല്ലാം എന്നാൽ:—

(എ) ഇളകാത്ത മുതലിന്നോ മുതലിലൊ സ്ഥിരം ആയോ അനിശ്ചിതം ആയൊ ഉള്ള വല്ല അവകാശമൊ ഉടമസ്ഥാവകാശമൊ ബാദ്ധ്യതയോ വർത്തമാനകാലത്തേക്കോ ഭാവികാലത്തേക്കൊ ഉണ്ടാക്കിക്കൊടുക്കുകയോ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ ക്ലിപ്തപ്പെടുത്തുകയോ, ഇല്ലായ്മചെയ്കയൊ, ഒഴിഞ്ഞുകൊടുക്കുകയോ ചെയ്യുന്നതായി ഉദ്ദേശിക്കുന്നതൊ ഫലിക്കുന്നതൊ ആയ ഉയിൽപത്രങ്ങൾ അല്ലാത്ത മറ്റു രേഖകൾ,

(ബി) ആവിധം ഉള്ള വല്ല അവകാശമൊ ഉടമസ്ഥാവകാശമൊ ബാദ്ധ്യതയൊ ഉണ്ടാക്കിക്കൊടുക്കുകയൊ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ ക്ലിപ്തപ്പെടുത്തുകയൊ, ഇല്ലായ്മചെയ്കയൊ, ഒഴിഞ്ഞുകൊടുക്കുകയോ ചെയ്യുന്ന വകക്കു വല്ല പ്രതിഫലവും വാങ്ങിയതായൊ അടച്ചതായൊ സമ്മതിക്കുന്ന ഉയിൽപത്രങ്ങൾ അല്ലാത്ത രേഖകൾ;

(സി) അതാതു കൊല്ലത്തേക്കൊ ഒരു കൊല്ലത്തിൽ കവിഞ്ഞതൊ ഒരു കൊല്ലത്തെ പാട്ടം നിറുത്തിവച്ചിരിക്കുന്നതൊ ആയ വല്ല കാലത്തേക്കൊ ഉള്ള ഇളകാത്ത മുതലിന്റെ പാട്ടച്ചീട്ടുകൾ;

ഈ വകുപ്പിൽ (എ) (ബി) ഈ ഖണ്ഡങ്ങളിൽ പറഞ്ഞിരിക്കുന്ന യാതൊന്നും,

(i) വല്ല സമാധാനപത്രത്തിനാകട്ടെ,

(ii) ഒരു കൂട്ടുദ്രവ്യസംഘം, വക മുതലുകൾ സകലമൊ ഏതാനുമൊ ഇളകാത്ത മുതലായിരുന്നാൽതന്നെയും ആ സംഘത്തിലെ ഓഹരികളെ സംബന്ധിച്ച യാതൊരു രേഖക്കാകട്ടെ,

(iii) ആ സംഘത്തിൽ നിന്നു കൊടുക്കുന്ന വല്ല കടംപത്രത്തിന്മേലും ഉള്ള പുറത്തെഴുത്തിനാകട്ടെ ആ കടംപത്രം കൈമാററത്തിനാകട്ടെ,

(iv) ഇളകാത്ത മുതലിന്നൊ മുതലിലൊ വല്ല അവകാശമൊ ഉടമസ്ഥാവകാശമൊ ബാദ്ധ്യതയൊ തനിയെതന്നെ ഉണ്ടാക്കുകയാകട്ടെ സ്ഥിരപ്പെടുത്തുകയാകട്ടെ നൽകുകയാകട്ടെ ക്ലിപ്തപ്പെടുത്തുകയാകട്ടെ ഇല്ലായ്മചെയ്കയാകട്ടെ ഒഴിഞ്ഞുകൊടുക്കുകയാകട്ടെ ചെയ്യുന്നതല്ലെങ്കിലും, ഒപ്പിട്ടുകൊടുത്താൽ ആ വക വല്ല അവകാശമൊ ഉടമസ്ഥാവകാശമൊ ബാദ്ധ്യതയൊ ഉണ്ടാക്കുകയൊ സ്ഥിരപ്പെടുത്തുകയൊ നൽകുകയൊ ക്ലിപ്തപ്പെടുത്തുകയൊ ഇല്ലായ്മചെയ്കയൊ ഒഴിഞ്ഞുകൊടുക്കുകയൊ ചെയ്യുന്ന മറ്റൊരു ആധാരം ലഭിപ്പാനുള്ള അവകാശത്തെ മാത്രം സിദ്ധിപ്പിക്കുന്ന വല്ല അധികാരത്തിനാകട്ടെ.

(v) കോർട്ടുകളിലെ വിധികളൊ, ഉത്തരവുകളൊ ഇവക്കും പഞ്ചായത്തിപ്പുകൾക്കും ആകട്ടെ സംബന്ധിക്കയും ഇല്ല.

മനസ്സുണ്ടെങ്കിൽ രജിസ്ത്രാക്കാവുന്ന ആധാരങ്ങൾ.

൧൮. ഇതിനു നേരെ താഴെ വിവരിച്ചിരിക്കുന്ന ആധാരങ്ങളിൽ ഏതൊന്നും മനസ്സുണ്ടെങ്കിൽ ഈ റെഗുലേഷൻപ്രകാരം രെജിസ്റ്റർചെയ്യപ്പെടാവുന്നതാകുന്നു. ഏതെല്ലാമെന്നാൽ:—

(എ) ഇളകുന്ന മുതലിലൊ വല്ല അവകാശമൊ ഉടമസ്ഥാവകാശമൊ ബാദ്ധ്യതയൊ ഉണ്ടാക്കിക്കൊടുക്കയൊ സ്ഥിരപ്പെടുത്തുകയൊ നൽകുകയൊ ക്ലിപ്തപ്പെടുത്തുകയൊ ഇല്ലായ്മചെയ്കയൊ ഒഴിഞ്ഞുകൊടുക്കയൊ ചെയ്യുന്നതായി ഉദ്ദേശിക്കുന്നതൊ ഫലിക്കുന്നതൊ ആയ ഉയിൽപത്രരേഖകൾ അല്ലാത്ത രേഖകൾ;

(ബി) ഒരു കൊല്ലത്തിനു കവിയാത്ത വല്ല കാലത്തേക്കും ഇളകാത്ത മുതലിന്റെ പാട്ടച്ചീട്ടുകളും;

(സി) ഉയിൽപത്രങ്ങളൊ പുത്രനെ ദത്തെടുക്കുന്നതിനുള്ള അധികാരപത്രങ്ങളൊ;

(ഡി) ൧൭-ാം വകുപ്പിനാൽ രെജിസ്റ്റർചെയ്യാൻ ആവശ്യമില്ലാത്ത മറ്റു എല്ലാ ആധാരങ്ങളും.

മലയാളമൊ തമിഴൊ അല്ലാത്ത ഭാഷയിൽ ഉള്ള ആധാരങ്ങൾ.

൧൮. രജിസ്റ്റർചെയ്യാനായി ഹാജരാക്കപ്പെടുന്ന വല്ല ആധാരവും മലയാളത്തിലൊ തമിഴിലൊ എഴുതിയതല്ലാത്തതായിരിക്കുന്നു എങ്കിൽ മലയാളത്തിലൊ തമിഴിലൊ അതിന്റെ നേരായ ഒരു തർജിമയും അസൽ ആധാരത്തിന്റെ ഒരു ശരിപകർപ്പും കൊണ്ടുവരാത്തപക്ഷം ആയാധാരം രെജിസ്റ്റർചെയ്കയില്ലെന്നു ആ ഉദ്യോഗസ്ഥൻ പറകയും വേണം.

ആദ്യമായി എഴുതീട്ടുള്ള വരികൾ ഇടയ്ക്കു ഒരു വരി ചേർത്തു എഴുതുകയൊ ഒന്നുമെഴുതാത്ത സ്ഥലം വിട്ടിരിക്കയൊ അക്ഷരങ്ങൾ മാച്ചിരിക്കയൊ തിരുത്തിയിരിക്കയൊ ചെയ്തിട്ടുള്ള ആധാരങ്ങൾ.

൧൯. (൧) ആദ്യമായി എഴുതിയിട്ടുള്ള വരികളിൽ ഇടയ്ക്കു ചെർത്തു ഒരു വരി എഴുതിയിട്ടുള്ളതായിട്ടൊ ഒന്നുമെഴുതാത്ത സ്ഥലങ്ങളൊ അക്ഷരങ്ങൾ മായിച്ചുലൊ തിരുത്തലൊ വല്ല ആധാരത്തിലും കാണപ്പെട്ടാൽ അപ്രകാരമുള്ള ഇടയ്ക്കു ചെർത്ത വരിയിലൊ എഴുതാതെ വിട്ടിട്ടുള്ള സ്ഥലത്തൊ അക്ഷരം മായ്ചലിലൊ തിരുത്തലിലൊ ആധാരം എഴുതി ഒപ്പിട്ടുകൊടുത്തവർ ഒപ്പൊ ഇനിഷ്യലൊ എഴുതി സാക്ഷ്യപ്പെടുത്തിയാലല്ലാതെ ആ യാതൊരാധാരത്തേയും രജിസ്റ്റർ ചെയ്യുന്നതിനായി അംഗീകരിക്കയില്ലാ എന്നു രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ തന്റെ യുക്തംപോലെ നിഷേധിക്കാവുന്നതാകുന്നു.

(൨) രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ അപ്രകാരം ഉള്ള വല്ല ആധാരത്തെയും രജിസ്റ്റർ ചെയ്യുന്നതായാൽ അതിനെ രജിസ്റ്റർ ചെയ്യുന്ന കാലത്തു അപ്രകാരമുള്ള ഇടയ്ക്കു ചെർത്ത വരിയേയൊ ഒന്നും എഴുതാത്ത സ്ഥലത്തെയൊ അക്ഷരം മായ്ചിനേയൊ അക്ഷരം തിരുത്തലിനേയൊ കുറിച്ചു രജിസ്റ്റർ പുസ്തകത്തിൽ കുറിപ്പു ചെയ്യേണ്ടതാകുന്നു.

മുതൽവിവരണം.

൨൦. (൧) ഇളകാത്ത മുതലിനെപ്പറ്റിയുള്ള ഉയിൽപത്രമല്ലാത്ത യാതൊരാധാരത്തേയും ആ മുതൽ ഇന്നതാണെന്നു തിരിച്ചറിവാൻ തക്കവണ്ണം മതിയായ വിവരണം അതിൽ ഇല്ലാത്തപക്ഷം രജിസ്റ്റർചെയ്യാനായി സ്വീകരിച്ചുകൂടാ.

(൨) ഗൃഹങ്ങളും പുരയിടങ്ങളും നിലങ്ങളും അവയ്ക്കു പേർ വല്ലതും ഉണ്ടെങ്കിൽ ആ പേരു, വിസ്താരം, ലക്കം അല്ലെങ്കിൽ സർവേനമ്പർ, കിടപ്പു, അതിരുകൾ, അവ കിടക്കുന്ന ഡിസ്ത്രിക്ട്, സബ് ഡിസ്ത്രിക്ട്, പ്രവൃത്തി, പകുതി, മുറി ഇവയാലും അവ ഇന്നതാണെന്നു തിരിച്ചറിയാൻ മതിയാകുംവണ്ണം വേണ്ടതായ മറ്റു വിവരങ്ങളാലും വിവരിക്കപ്പെട്ടിരിക്കേണ്ടതാകുന്നു.

പടങ്ങളൊ പ്ലാനൊ അടങ്ങിയിരിക്കുന്ന രേഖകൾ.

(൩) മരണശാസനം അല്ലാത്ത യാതൊരു ആധാരത്തിലും ഉൾപ്പെട്ടിരിക്കുന്ന യാതൊരു സ്വത്തിന്റേയും ഒരു പടമൊ പ്ലാനൊ ആ ആധാരത്തിൽ അടങ്ങിയിരുന്നാൽ ആ പടത്തിനൊ പ്ലാനിനൊ ഒരു ശരിയായ പകർപ്പു കൂടെ അതിനോടു കൂടി ഉണ്ടായിരിക്കയാകട്ടെ, അപ്രകാരം ഉള്ള മുതൽ അനേകം സബ് ഡിസ്ത്രിക്ടുകളിൽ ഇരിക്കുന്നതായിരുന്നാൽ അങ്ങനെ എത്ര സബ് ഡിസ്ത്രിക്ടുകൾ ഉണ്ടൊ അത്ര എണ്ണം ആ പടത്തിന്റെ അല്ലെങ്കിൽ പ്ലാനിന്റെ ശരിയായ പകർപ്പുകൾ ഉണ്ടായിരിക്കുകയാകട്ടെ ചെയ്യാതെ ഇരുന്നാൽ ആ ആധാരത്തെ രജിസ്റ്റർ ചെയ്യുന്നതിനായി സ്വീകരിച്ചുകൂടാത്തതാകുന്നു.

(൪) ആയാധാരം ഒരു ഇളകാത്ത മുതലിനെ സംബന്ധിച്ചുള്ളതൊ അതിന്റെ മതിയായ വിവരണം ആ ആധാരത്തിൽ ഇല്ലെന്നു വരികിൽ കൂടുതലായ വിവരം കാണിക്കുന്ന പട്ടിക കൂടി എഴുതി ഫയലാക്കുന്നതിനു ആയാധാരത്തെ ഒപ്പിട്ടുകൊടുത്ത കക്ഷിക്കു രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ അനുവാദം കൊടുക്കാവുന്നതാകുന്നു. ആ കക്ഷി കല്പിക്കപ്പെട്ടിരിക്കുന്ന കാലത്തിനകം അങ്ങനെ ചെയ്തില്ലെന്നു വരികിൽ കൂടുതൽ വിവരം കാണിച്ചു ഒരു പട്ടിക കൂടി എഴുതി ഫയലാക്കുന്നതിനു ആയാധാരത്തെ രജിസ്റ്റർ ചെയ്യാനായി ഹാജരാക്കിയ കക്ഷിക്കു രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ അനുവാദം കൊടുക്കാവുന്നതാകുന്നു. ആ പട്ടിക രജിസ്റ്റർ ചെയ്യാനായി ഹാജരാക്കപ്പെട്ടിരിക്കുന്ന ആധാരത്തിന്റെ ഒരു ഭാഗമായി ഗണിക്കപ്പെടേണ്ടതാകുന്നു.

൬-ാം ഭാഗം.

ഇളകാത്ത വസ്തു സംബന്ധിച്ച തീർപ്പുകളുടെയും ഉത്തരവുകളുടെയും യാദാസ്തുകൾ രജിസ്റ്റർ കച്ചേരികളിലേക്കയക്കുന്നതിനെക്കുറിച്ചു.

ഇളകാത്ത വസ്തുവെ സംബന്ധിച്ചുള്ള തീർപ്പിന്റെയും ഉത്തരവിന്റെയും യാദാസ്തു.

൨൫. തിരുവിതാംകോട്ടു സംസ്ഥാനത്തിൽ യാതൊരു ഭാഗത്തിലെങ്കിലും കിടക്കുന്ന വല്ല ഇളകാത്ത വസ്തുവിന്നോ വസ്തുവിലോ യാതൊരാൾക്കെങ്കിലും ഉള്ള വല്ല അവകാശമൊ ഉടമസ്ഥാവകാശമൊ അല്ലെങ്കിൽ ബാദ്ധ്യതയൊ വല്ല സിവിൽ കോട്ടും ഒരു തീർപ്പിനാലൊ ഉത്തരവിനാലൊ ഉണ്ടാക്കുകയൊ സ്ഥിരപ്പെടുത്തുകയൊ കൊടുക്കയൊ നിയമനം ചെയ്കയൊ ഇല്ലാതെയാക്കുകയൊ ചെയ്യുമ്പോൾ ആ കോട്ടിൽ നിന്നും ആ തീർപ്പിന്റെയൊ ഉത്തരവിന്റെയൊ ഒരു യാദാസ്തു ആ വസ്തു മുഴുവനും ഒരു സബ് ഡിസ്ത്രിക്കിൽ ആയിരുന്നാൽ അവിടത്തെ സബ് രജിസ്ത്രാർക്കും ഏതാനും ഭാഗങ്ങൾ അതാതു സബ് ഡിസ്ത്രിക്കുകളിലായിരുന്നാൽ അവിടങ്ങളിലൊരൊന്നിലെയും സബ് രജിസ്ത്രാർക്കും അയക്കേണ്ടതാകുന്നു. ആ യാദാസ്തിൽ ൨൪-ാം വകുപ്പിൽ ആവശ്യപ്പെട്ട വിധത്തിൽ ആ വസ്തുവെ കഴിയുന്നിടത്തോളം വിവരിച്ചിരിക്കേണ്ടതാകുന്നു.

തീർപ്പുകളുടെയും ഉത്തരവുകളുടെയും യാദാസ്തുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ചിലവു

൨൬. ൨൫-ം വകുപ്പു പ്രകാരമുള്ള ഒരു തീർപ്പിന്റെയൊ ഉത്തരവിന്റെയൊ വല്ല യാദാസ്തും രജിസ്റ്റർ ചെയ്യിപ്പാനുണ്ടാകുന്ന ചിലവുകൾ ആ വ്യവഹാരത്തിലെ ചിലവുകളായിരിക്കുന്നതും അതിനെ റെജിസ്ട്രേഷൻ ഡിപ്പാർട്ടുമെണ്ടിലേക്കു മുതൽ വയ്ക്കാവുന്നതും ആകുന്നു.

൭-ാം ഭാഗം.

ആധാരം ഹാജരാക്കേണ്ടുന്ന സമയത്തെപ്പറ്റി.

ആധാരങ്ങൾ ഹാജരാക്കേണ്ടുന്ന സമയം

൨൭. ഒരു ഉയിൽ പത്രം അല്ലാത്തതായ യാതൊരു രേഖയെയും ആയതു തിരുവിതാംകോട്ടിനകത്തൊ ഇൻഡ്യയിൽ മറ്റു വല്ല ഭാഗത്തിലൊ സിലോണിലൊ വച്ചു എഴുതി ഒപ്പിടപ്പെട്ടതാണെന്നു വരികിൽ, ആ രേഖയെ രജിസ്റ്റർ ചെയ്യേണ്ടതു നിർബന്ധം ആയിരുന്നാലും മനസ്സുണ്ടെങ്കിൽ രജിസ്റ്ററാക്കാവുന്നതായിരുന്നാലും, ആയതു ഒപ്പിട്ടുകൊടുത്ത തീയതി മുതൽ ൩൦ ദിവസത്തിനകവും ആ രേഖയിലെ കക്ഷികളിൽ സകലരുമൊ ഏതാനും ആളുകളൊ ഇൻഡ്യക്കൊ സിലോണിന്നൊ പുറമെ വച്ചു അതിനെ ഒപ്പിട്ടു കൊടുക്കുന്നതായാൽ ൧൮൦ ദിവസത്തിനകവും, രജിസ്റ്റർ ചെയ്യാനായി തക്കതായ ഉദ്യോഗസ്ഥന്റെ അടുക്കൽ ഹാജരാക്കാതെ പോയാൽ, ൨൮, ൨൯, ൩൦-ം വകുപ്പുകളിൽ അടങ്ങിയ വ്യവസ്ഥകളിലൊഴികെ ആയതു രജിസ്റ്റർ ചെയ്വാൻ സ്വീകരിക്കേണ്ടതും അല്ല.

(എ) എന്നാൽ ഒരു വിധിയുടെയോ ഉത്തരവിന്റെയോ പകർപ്പു ആ വിധിയൊ ഉത്തരവൊ ഉണ്ടായ തീയതി മുതൽ ൩൦ ദിവസത്തിനകമൊ അല്ലെങ്കിൽ അതിന്മേൽ അപ്പീൽ ചെയ്യാവുന്ന പക്ഷം അതു അവസാനത്തേതായി വരുന്ന ദിവസം മുതൽ ൩൦ ദിവസത്തിനകമൊ ഹാജരാക്കാവുന്നതാകുന്നു.

(ബി) ഒരാധാരം വെവ്വേറെ സമയങ്ങളിലായി പലയാളുകൾ ഒപ്പിട്ടു കൊടുക്കുമ്പോൾ ആ ആധാരം ഓരോരുത്തർ ഒപ്പിട്ടു കൊടുത്ത തീയതി മുതൽ ഇൻഡ്യയിലൊ സിലോണിലൊ വച്ചു ഒപ്പിട്ടു കൊടുക്കുന്നതായാൽ ൩൦ ദിവസത്തിനകവും ഇൻഡ്യക്കൊ സിലോണിന്നൊ പുറമെ വച്ചു ഒപ്പിട്ടു കൊടുക്കുന്നതായാൽ ൧൮൦ ദിവസത്തിനകവും ൨൮-ം ൨൯-ം വകുപ്പുകളിലെ വ്യവസ്ഥകൾക്കുൾപ്പെട്ടു രജിസ്റ്റർ ചെയ്വാൻ ഹാജരാക്കുകയും ചെയ്യാം.

ഹാജരാക്കുവാൻ നിശ്ചയിച്ചിട്ടുള്ള സമയത്തിൽ താമസം നേരിട്ടാൽ നിയമം.

൨൮. ആധാരം രജിസ്റ്ററാക്കുന്നതിനു മുമ്പു കഴിഞ്ഞ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലാവധി കഴിയുന്നതുവരെക്കും വല്ല രേഖയും രജിസ്റ്റർ ചെയ്യാനായി ഹാജരാക്കാതിരുന്നാൽ ആ കാലാവധിക്കു ശേഷം ആയതു ഹാജരാക്കുവാനുണ്ടായ താമസം ൧൨൦ ദിവസത്തിൽ കവിയാത്ത സംഗതികളിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ശരിയായ ഫീസിന്റെ പത്തിരട്ടി സംഖ്യയിൽ കവിയാത്ത ഒരു പിഴ അടച്ചാൽ ആയതിനെ രജിസ്റ്റർ ചെയ്യാനായി സ്വീകരിക്കുന്നതു രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനു ന്യായമായിരിക്കയും ചെയ്യും.

ഹാജരാക്കുവാനുള്ള അവധിയുടെ അവസാനദിവസം കച്ചേരി ഒഴിവായിരുന്നാൽ നിയമം.

൧൯. വല്ല ആധാരവും ഹാജരാക്കുന്നതിനായി ഈ റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന വല്ല കാലാവധിയുടേയും അവസാന ദിവസത്തിൽ രജിസ്ത്രർ കച്ചേരി പൂട്ടിയിരിക്കുന്നു എങ്കിൽ ആ കച്ചേരി പിന്നീടു തുറക്കുന്ന ദിവസത്തെ, ഈ റെഗുലേഷനിലെ കാര്യങ്ങൾക്കായി ആ അവസാന ദിവസമായി ഗണിക്കേണ്ടതാകുന്നു.

ഉയിൽപത്രം ഏതുസമയത്തെങ്കിലും ഹാജരാക്കുകയൊ അനാമത്തു വയ്ക്കുകയൊ ചെയ്യാം.

൨൦. ഒരു ഉയിൽപത്രം എപ്പോഴെങ്കിലും രജിസ്ത്രർ ചെയ്യുന്നതിനായി ഹാജരാക്കുകയൊ ഇതിനു താഴെ വ്യവസ്ഥ ചെയ്തിരിക്കുന്ന മാതിരിയിൽ അനാമത്തു വെക്കയൊ ചെയ്യപ്പെടാവുന്നതാകുന്നു.

൩-ാം ഭാഗം.

രജിസ്ത്രർ ചെയ്യേണ്ടുന്ന സ്ഥലത്തെപ്പറ്റി.

ഭൂമിയെ സംബന്ധിച്ച രേഖകൾ രജിസ്ത്രർ ചെയ്യുന്നതിനുള്ള സ്ഥലം.

൨൧. ഈ ഭാഗത്തിൽ വേറെ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ ൧൦-ം ൧൧-ം വകുപ്പുകളിൽ വിവരിച്ചിരിക്കുന്ന ഇനുകാരം മുതലിനെ സംബന്ധിച്ച ഉയിൽപത്രമല്ലാത്ത എല്ലാ ആധാരവും അവ സംബന്ധിക്കുന്ന മുതൽ ആസകലമൊ അതിൽ വല്ല ഭാഗമൊ ഏതു സബ ഡിസ്ത്രിക്ടിൽ കിടക്കുന്നുവൊ അവിടത്തെ സബ് രജിസ്ത്രാരുടെ കച്ചേരിയിൽ രജിസ്ത്രർ ചെയ്വാനായി ഹാജരാക്കപ്പെടേണ്ടതാകുന്നു.

മറ്റു രേഖകൾ രജിസ്ത്രർ ചെയ്യുന്നതിനുള്ള സ്ഥലം.

൨൨. ഒടുവിൽ കഴിഞ്ഞ വകുപ്പിൽ പ്രസ്താവിച്ച രേഖയല്ലാത്തതും ഉയിൽപത്രമല്ലാത്തതുമായ മറെറല്ലാ രേഖയും അതിനെ ഏതു സബ്ബ് ഡിസ്ത്രിക്ടിൽ വച്ചു ഒപ്പിട്ടു കൊടുത്തുവൊ അവിടത്തെ സബ് രജിസ്ത്രാരുടെ കച്ചേരിയിലൊ അല്ലെങ്കിൽ ആ രേഖയെ ഒപ്പിട്ടു കൊടുക്കുന്ന എല്ലാ ആളുകളും അതിനെ ഏതു സബ്ബ് രജിസ്ത്രാർ കച്ചേരിയിൽ രജിസ്ത്രർ ചെയ്യണമെന്നു ആഗ്രഹിക്കുന്നുവൊ ആ കച്ചേരിയിലൊ രജിസ്ത്രർ ചെയ്വാനായി ഹാജരാക്കപ്പെടാവുന്നതാകുന്നു.

ഡിസ്ത്രിക്കുകളുടെ തലസ്ഥാനത്തുള്ള സബ് രജിസ്ത്രാർ രജിസ്ത്രർ ചെയ്തു കൊടുക്കുന്നതിനെപ്പറ്റി.

൨൩. ഡിസ്ത്രിക്ടുകളുടെ തലസ്ഥാനങ്ങളിലെ സബ് രജിസ്ത്രാർ, ൨൧-ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന വല്ല ആധാരത്തേയും, അതു സംബന്ധിക്കുന്ന മുതൽ തിരുവിതാംകോട്ടു സംസ്ഥാനത്തിൽ കിടക്കുന്ന സ്ഥലത്തെ പ്രമാണിക്കാതെ, വാങ്ങി രജിസ്ത്രർ ചെയ്തു കൊടുക്കയും ചെ.

കക്ഷിയുടെ വാസസ്ഥലത്തുവച്ചു രജിസ്ത്രാക്കി കൊടുക്കയൊ അനാമത്തു വൈക്കാൻ വാങ്ങിക്കയൊ ചെയ്യൽ.

൨൪. സാധാരണ കാര്യങ്ങളിൽ ഈ റെഗുലേഷൻ അനുസരിച്ചു ആധാരം രജിസ്ത്രർ ചെയ്തു കൊടുക്കയൊ അനാമത്തു വൈക്കയൊ ചെയ്യുന്നതു അതിനെ രജിസ്ത്രർ ചെയ്തു കൊടുക്കുന്നതിനൊ അനാമത്തു വൈക്കുന്നതിനൊ ആയിട്ടു വാങ്ങിക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥൻെറ കച്ചേരിയിൽ വച്ചു മാത്രം വേണ്ടതാണു.

എന്നാൽ, വിശേഷ സംഗതികൾ കാണിച്ചാൽ, ആ ഉദ്യോഗസ്ഥനു ഒരു ആധാരം രജിസ്ത്രാക്കിപ്പാനൊ ഒരു ഉയിൽപത്രം അനാമത്തു വൈപ്പാനൊ ആഗ്രഹിക്കുന്ന വല്ല ആളുടേയും വാസസ്ഥലത്തു ചെല്ലുകയും ആ ആധാരം രജിസ്ത്രർ ആക്കുവാനൊ ആ ഉയിൽപത്രം അനാമത്തു സൂക്ഷിപ്പാനൊ കൈക്കൊള്ളുകയും ആധാരമൊ ഉയിൽപത്രമൊ എഴുതി ഒപ്പിട്ടു കൊടുക്കുന്ന ആളുടെ വല്ല സമ്മത മൊഴിയേയും രേഖപ്പെടുത്തുകയും ചെയ്യാം. അപ്രകാരം വാസസ്ഥലത്തു ചെല്ലുന്ന എല്ലാ രജിസ്ത്രർ ഉദ്യോഗസ്ഥന്മാരും ആ വിവരത്തെ ഉടൻ രജിസ്ത്രേഷൻ ഡയറക്ടർക്കു റിപ്പോർട്ടു ചെയ്യേണ്ടതാകുന്നു.

൪-ാം ഭാഗം.

ആധാരങ്ങൾ രജിസ്ത്രർ ചെയ്വാനായി ഹാജരാക്കേണ്ടതിനെക്കുറിച്ചു.

ആധാരങ്ങൾ രജിസ്ത്രർ ചെയ്വാൻ ഹാജരാക്കേണ്ടതായ ആളുകൾ.

൨൫. രജിസ്ത്രർ ചെയ്യുന്നതു നിർബന്ധമായിട്ടുള്ളതാകട്ടെ മനസ്സുപോലെ ആകാവുന്നതാകട്ടെ ഈ റിഗുലേഷൻ പ്രകാരം രജിസ്ത്രർ ചെയ്വാനുള്ള എല്ലാ ഉയിൽപത്രമല്ലാത്ത ആധാരവും ൨൯-ം വകുപ്പിലെ നിബന്ധനകൾക്കുൾപ്പെട്ടു അതിനെ ശരിയായ രജിസ്ത്രർ കച്ചേരിയിൽ,

(എ) ആയാളു എഴുതി ഒപ്പിട്ടു കൊടുത്ത ആളോ അതു മൂലം അവകാശപ്പെടുന്നയാളോ, അല്ലെങ്കിൽ ആ തീർപ്പിൻെറയോ ഉത്തരവിൻെറയോ സംഗതിയിൽ ആ തീർപ്പോ ഉത്തരവോ അനുസരിച്ചു അവകാശപ്പെടുന്നയാളോ,

(ബി) അല്ലെങ്കിൽ ആവകയാളുടെ പ്രതിനിധിയെ മുതൽ ഏൾപ്പിക്കപ്പെട്ടവനൊ,

(സി) അല്ലെങ്കിൽ അയാളുടേയൊ പ്രതിനിധിയുടേയൊ മുതൽ ഏൾപ്പിക്കപ്പെട്ടവൻെറയൊ കാര്യസ്ഥനൊ ഹാജരാകേണ്ടതും ആകുന്നു.

൨൩ാം വകുപ്പിലെ കാര്യങ്ങൾക്കായി മുക്ത്യാർനാമാവകാശമെന്നു

൨൩. (എ) ഈ റിഗുലേഷനിലെ കാര്യങ്ങൾക്കായി ഒരു കാര്യസ്ഥൻ എന്നുവെച്ചാൽ താഴെപ്പറയുന്ന മാതിരിയിൽ ഒപ്പിട്ടു സാക്ഷ്യപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു മുക്ത്യാർനാമത്താൽ ക്രമപ്രകാരം അധികൃതനായ ആൾ എന്നർത്ഥമാകുന്നു—അതാവിതു്

(എ) മുക്ത്യാർനാമം ഒപ്പിട്ടു കൊടുക്കുന്ന കാലത്തിൽ അതെഴുതി കൊടുക്കുന്നയാൾ (മുതലാളൻ) തിരുവിതാംകോട്ടു സംസ്ഥാനത്തിൽ വല്ല ഭാഗത്തിലും പാക്കുന്നു എങ്കിൽ അയാൾ ഏതു ഡിസ്ത്രിക്കിലൊ സബ്ബ് ഡിസ്ത്രിക്കിലൊ പാക്കുന്നുവൊ അവിടത്തെ രജിസ്ത്രാരുടെയൊ സബ്ബ് രജിസ്ത്രാരുടെയൊ മുമ്പാകെ ഒപ്പിട്ടു കൊടുത്തതും ആ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതും ആയ ഒരു മുക്ത്യാർനാമം; അല്ലെങ്കിൽ മുക്ത്യാർനാമം എഴുതിക്കൊടുക്കുന്നയാളുടെ സമ്മതത്തിന്മേൽ, അയാളുടെ കാര്യസ്ഥൻെറ സമ്മതത്തിന്മേലല്ലാ; ഒരു സബ്ബ് രജിസ്ത്രാരാൽ ക്രമപ്രകാരം രജിസ്തർ ചെയ്യപ്പെട്ട ഒരു മുക്ത്യാർനാമം,

(ബി) മുൻപറഞ്ഞ കാലത്തിൽ മുതലാളൻ തിരുവിതാംകോട്ടു സംസ്ഥാനത്തിനു പുറമെ വല്ല സ്ഥലത്തും പാക്കുന്നു എന്നുവരികിൽ മജിസ്ത്രേട്ടിൻെറയൊ നൊട്ടെറി പബ്ലിക്കിൻെറയൊ ആധാരങ്ങൾ രജിസ്തർ ചെയ്യാൻ അധികാരമുള്ള വല്ല ഉദ്യോഗസ്ഥൻെറയൊ വല്ല കോട്ടിൻെറയൊ വല്ല ജഡ്ജിയുടെയൊ ബ്രിട്ടീഷു കാൻസലിൻെറയൊ വൈസ് കാൻസലിൻെറയൊ ഇൻഡ്യാ ചക്രവർത്തി മഹാരാജാ അവർകളുടെയാകട്ടെ ഇൻഡ്യാ ഗവൎമ്മെണ്ടിൻെറയാകട്ടെ പ്രതിനിധിയുടെയൊ മുമ്പാകെ വച്ചു ഒപ്പിട്ടു കൊടുക്കപ്പെട്ടതും ആ ഉദ്യോഗസ്ഥനാൽ സാക്ഷ്യപ്പെടുത്തപ്പെട്ടതും ആയ മുക്ത്യാർനാമം അല്ലെങ്കിൽ ശരിയായ രജിസ്തർകച്ചേരി ഏപ്പാടുള്ള സ്ഥലത്തിൽ, മുക്ത്യാർനാമം എഴുതിക്കൊടുക്കുന്നയാളുടെ സമ്മതത്തിന്മേൽ, അയാളുടെ കാര്യസ്ഥൻെറ സമ്മതത്തിന്മേലല്ലാ. ഒരു രജിസ്ത്രാരാലൊ സബ്ബ രജിസ്ത്രാരാലൊ ക്രമപ്രകാരം രജിസ്തർ ചെയ്യപ്പെട്ടിട്ടുള്ള ഒരു മുക്ത്യാർനാമം.

ക്ഷീണന്മാരൊ തടവിലുള്ളവരൊ കോട്ടിൽ ഹാജരാകുന്നതിൽ നിന്നു ഒഴിവാക്കപ്പെട്ടവരൊ ആയ ആളുടെ കാര്യത്തിൽ ക്ലിപ്തം.

എന്നാൽ, ൩ാം വകുപ്പിൽ (എ) ഖണ്ഡത്തിൽ വിവരിച്ചിരിക്കുന്ന വല്ല മുക്ത്യാർനാമാവും ഒപ്പിട്ടു കൊടുക്കുന്നരിലേക്കായിട്ടു താഴെ വിവരിക്കുന്ന ആളുകളെ യാതൊരു രജിസ്തർ കച്ചേരിയിലും ഹാജരാകണമെന്നു ആവശ്യപ്പെട്ടു കൂടാത്തതാകുന്നു.

(എ) ദേഹദൌർബ്ബല്യം ഹേതുവായിട്ടു അപകടം കൂടാതേയൊ വലുതായ അസൌകര്യം കൂടാതേയൊ അപ്രകാരം ഹാജരായിരിക്കുന്നതിനു അശക്തന്മാരായ ആളുകൾ,

(ബി) സിവിൽ പ്രാസസ്സൊ ക്രിമിനൽ പ്രാസസ്സൊ പ്രകാരം ജയിലിൽ ഇരിക്കുന്ന ആളുകൾ,

(സി) കോട്ടിൽ ഹാജരാകുന്നതിൽ നിന്നു നിബന്ധനപ്രകാരം ഒഴിക്കപ്പെട്ടിരിക്കുന്ന ആളുകൾ

൨. അങ്ങനെയുള്ള എല്ലാ ആളുകളുടെ സംഗതിയിലും, കാര്യത്തിൻെറ അവസ്ഥപോലെ രജിസ്ത്രാരൊ സബ്ബ രജിസ്ത്രാരൊ, മുതലാളനാണെന്നു ഉദ്ദേശിക്കുന്ന ആൾ തന്നെ ആ മുക്ത്യാർനാമത്തെ മനസ്സാലെ ഒപ്പിട്ടു കൊടുത്തിരിക്കുന്നു എന്നു തനിക്കു ബോദ്ധ്യമായാൽ ആ കച്ചേരിയിൽ അയാളെ വരുത്താതെ അതിൽ കയ്യൊപ്പിട്ടു സാക്ഷ്യപ്പെടുത്തുകയും ചെയ്യാം.

൩. മനസ്സാലെ ഒപ്പിട്ടു കൊടുത്തതാണെന്നു തെളിവു കിട്ടുന്നതിനായി മുതലാളനാണെന്നു ഉദ്ദേശിച്ചിരിക്കുന്ന ആളുടെ ഗൃഹത്തിലേക്കൊ അയാളെ തടവിൽ വച്ചിരിക്കുന്ന ജയിലിലേക്കൊ രജിസ്ത്രാരൊ സബ്ബ രജിസ്ത്രാരൊ ചെന്നു അയാളോടു ചോദ്യം ചെയ്കയൊ അയാളൊടു ചോദ്യം ചെയ്യുന്നതിനു ഒരു കമ്മിഷൻ അയക്കയൊ ചെയ്യാവുന്നതാകുന്നു.

൪. ൩ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന വല്ല മുക്ത്യാർനാമാവും ഇതിനുമേൽ അതിനായി വിവരിച്ചിരിക്കുന്ന ആളിൻെറയൊ കോട്ടിൻെറയൊ മുമ്പാകെ വച്ചു ഒപ്പിട്ടു കൊടുത്തു എന്നു അയാളൊ കോട്ടൊ അതിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നതായി പ്രഥമദൃഷ്ട്യാ കാണുന്നപക്ഷം വേറെ തെളിവു കൂടാതെ ആ മുക്ത്യാർനാമം ഹാജരാക്കുന്നതിനാൽ ആയതു തെളിഞ്ഞതായി വിചാരിക്കാവുന്നതാകുന്നു.

൬൬. ൟ വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന വല്ല മുക്ത്യാർനാമാവും ൟ റെഗുലേഷൻ ൩൩-ാം വകുപ്പനുസരിച്ചു ഹാജരാക്കപ്പെടുന്ന ചട്ടങ്ങളാൽ ആവശ്യപ്പെട്ട മാതിരിയിൽ ഒപ്പു ചേൎക്കപ്പെടുന്നതുവരെ ഊൎജ്ജിതത്തിലിരിക്കുന്നതായി ഗണിക്കപ്പെടേണ്ടതാകുന്നു.

വിവരണം.—ൟ വകുപ്പിൽ 'കാൎയ്യസ്ഥൻ' എന്ന പദത്തിൽ മുതലാളിയുടെ കാൎയ്യസ്ഥനെ എഴുതി ഒപ്പിട്ടു കൊടുക്കുന്ന മുക്ത്യാർനാമത്തിൽ ൟ വകുപ്പിനായി കൊടുക്കപ്പെട്ടിരിക്കുന്ന പ്രത്യേകാധികാരം അനുസരിച്ചു നിയമിക്കപ്പെട്ടിരിക്കുന്ന സബ്ബ ഏജന്റു (കീഴ്കാൎയ്യസ്ഥൻ) കൂടി ഉൾപ്പെടുന്നതാകുന്നു.

രജിസ്റ്റർ ചെയ്യുന്നതിന്നു ആധാരങ്ങളെ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ചെയ്യേണ്ട വിചാരണ.

൬൭. (൧) ആധാരം എഴുതി ഒപ്പിട്ടു കൊടുക്കുന്നയാളുകളൊ മുൻപറഞ്ഞതുപോലെ അധികൃതന്മാരായ അവരുടെ പ്രതിനിധികളൊ, മുതൽ ഏൾപ്പിക്കപ്പെട്ടവരൊ, കാൎയ്യസ്ഥന്മാരൊ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരായല്ലാതെ ൟ ഭാഗത്തിലും ൩൪, ൩൫, ൩൬, ൩൭, ൩൮, ൩൯ ൟ വകുപ്പുകളിലും അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്കുൾപ്പെട്ട യാതൊരാധാരത്തെയും ൟ റെഗുലേഷൻ അനുസരിച്ചു രജിസ്റ്റർ ചെയ്യേണ്ടതും അല്ലാ.

(൨) മേൽ (൧)-ാം ഉപവകുപ്പുപ്രകാരം ഹാജരാകുന്നതൊക്കെയും ഒരേ കാലത്തോ വെവ്വേറെ കാലങ്ങളിലൊ ആയിട്ടാവാം.

(൩) ഹാജരാകുമ്പോൾ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ,

(എ) ആയാധാരം ഏതു ആളുകൾ ഒപ്പിട്ടു കൊടുത്തതാണെന്നു ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവൊ ആയാളുകൾ തന്നെ ആയാധാരത്തെ ഒപ്പിട്ടു കൊടുത്തുവൊ ഇല്ലയോ എന്നു വിചാരണ ചെയ്കയും,

(ബി) തന്റെ മുമ്പാകെ ഹാജരായിട്ടുള്ള ആളുകൾ ആയതു ഒപ്പിട്ടു കൊടുത്തു എന്നു പറയുന്ന ആളുകൾ അങ്ങിനെ ഒപ്പിട്ടു കൊടുത്തവർ തന്നെയൊ എന്നു ബോദ്ധ്യം വരുത്തുകയും,

(സി) വല്ലയാളും പ്രതിനിധിയായിട്ടൊ മുതൽ ഏൾപ്പുകാരനായിട്ടൊ കാൎയ്യസ്ഥനായിട്ടൊ ഹാജരാകുന്ന സംഗതിയിൽ അയാൾക്കു അങ്ങിനെ ഹാജരാകുവാനായി അവകാശമുണ്ടൊ എന്നു ബോദ്ധ്യം വരുത്തുകയും,

(ഡി) ദത്തെടുക്കാൻ വല്ല അധികാരവും നിരോധിച്ചിട്ടുള്ളയാളുടെയും ദത്തുപുത്രന്റെയും വിഷയത്തിൽ അങ്ങിനെ അധികാരം നിരോധിച്ച ആളൊ ദത്തുപുത്രനൊ ഹാജരാകുന്നയാൾ തന്നെയൊ എന്നു ബോദ്ധ്യം വരുത്തുകയും വേണം.

ഒപ്പിട്ടു കൊടുത്തതായി സമ്മതിക്കുമ്പോൾ നടപടി.

൬൮. (൧) (എ) ആധാരം ഒപ്പിട്ടു കൊടുക്കുന്ന ആളുകൾ എല്ലാവരും രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ തങ്ങൾ തന്നെ ഹാജരാകയും അവർ ആ ഉദ്യോഗസ്ഥൻ അറിയുന്ന ആളുകൾ ആയിരിക്കയും ചെയ്കയോ അല്ലെങ്കിൽ അവർ താങ്കൾ ആരാണെന്നു പറയുന്നുവൊ അവർ തന്നെയാണെന്നു ആ ഉദ്യോഗസ്ഥനു വേറെ പ്രകാരം ബോദ്ധ്യം വരികയോ ചെയ്കയും അവരെല്ലാം ആധാരം ഒപ്പിട്ടു കൊടുത്തതിനെ സമ്മതിക്കയും ചെയ്യുന്ന എങ്കിലാകട്ടെ,

അല്ലെങ്കിൽ (ബി) ഒരു പ്രതിനിധിയൊ മുതൽ ഏൾപ്പിക്കപ്പെട്ടവനൊ കാൎയ്യസ്ഥനൊ മുഖാന്തിരം ഹാജരാകുന്ന വല്ലയാളുടേയും സംഗതിയിൽ ആ പ്രതിനിധിയൊ മുതൽ ഏൾപ്പിക്കപ്പെട്ടവനൊ കാൎയ്യസ്ഥനൊ ആയാധാരം ഒപ്പിട്ടു കൊടുത്തതു സമ്മതിക്കുന്ന എങ്കിലാകട്ടെ,

(സി) ആധാരം ഒപ്പിട്ടു കൊടുത്തയാൾ മരിച്ചു പോയിരിക്കയും അയാളുടെ അവകാശിയൊ പ്രതിനിധിയൊ മുതൽ ഏൾപ്പിക്കപ്പെട്ടവനൊ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരായി ആയാധാരം ഒപ്പിട്ടു കൊടുത്തതു സമ്മതിക്കയും ചെയ്യുന്ന എങ്കിലാകട്ടെ, രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ൫൦, ൫൧, ൫൨, ൫൩ ൟ വകുപ്പുകളിൽ വിധിച്ചിരിക്കുന്നതുപോലെ ആയാധാരത്തെ രജിസ്റ്റർ ചെയ്യേണ്ടതും വേണം.

(൨) തന്റെ മുമ്പാകെ വരുന്ന ആളുകൾ അവർ ആരെന്നു പറയുന്നുവൊ അവർ തന്നെയാണെന്നു തനിക്കു ബോദ്ധ്യം വരുത്തുവാനൊ ൟ റെഗുലേഷനാൽ ആലോചിക്കപ്പെട്ടിട്ടുള്ള മറ്റുവല്ല ആവശ്യത്തിനൊ വേണ്ടി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ, സമനയച്ചു വരുത്തീട്ടുള്ളതൊ അല്ലാതെയൊ ഉള്ള വല്ലയാളോടും ചോദ്യം ചെയ്കയും ചെയ്യാം.

ഒപ്പിട്ട കൊടുത്തതായി ഉദ്ദേശിക്കുന്ന [illegible] ഒപ്പിട്ടു കൊടുത്തതായി ഉദ്ദേശിക്കുന്നയാ [illegible] വല്ലയാളും ഒന്നും ഒപ്പിട്ടു കൊടുത്തിട്ടില്ലെന്നു വാദിക്കുകയോ ചെയ്താൽ [illegible]

അല്ലെങ്കിൽ (ബി) ആധാരക വല്ലയാളും ബാലനെന്നോ ബുദ്ധിശൂന്യനെന്നോ ചിത്ത [illegible] രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥന് കാണുകയാകട്ടെ,

അല്ലെങ്കിൽ (സി) ആധാരം ഒപ്പിട്ടു കൊടുത്തതായി പറയുന്ന വല്ലയാളും മരിച്ചു പോയിരിക്കയും അയാളുടെ അവകാശിയോ പ്രതിനിധിയോ മുതൽ ഏൽപ്പിക്കപ്പെട്ടവനോ [illegible] [illegible] അവകാശികളോ പ്രതിനിധികളോ മുതൽ ഏൽപ്പിക്കപ്പെട്ടവരോ ഉണ്ടായിരുന്നാൽ അവരിൽ വല്ലവരെങ്കിലും ആധാരം ഒപ്പിട്ടു കൊടുത്തിട്ടില്ലെന്നു വാദിക്കയും ചെയ്യുകയാകട്ടെ,

അല്ലെങ്കിൽ (ഡി) ആധാരം എഴുതി ഒപ്പിട്ടു കൊടുത്തതായി വിചാരിക്കപ്പെട്ടിരിക്കുന്ന [illegible] അയാളുടെ പ്രതിനിധിയോ മുതലേൽപ്പുകാരനോ ക്രമപ്രകാരം [illegible] [illegible] അയച്ചതിന്റെ ശേഷം, സമൻസിൽ വച്ചിരിക്കുന്ന തീയതി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ [illegible] ഹാജരാകാതിരിക്കയാകട്ടെ ചെയ്യുന്നു എങ്കിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനു [illegible] [illegible] കാണപ്പെട്ടതോ മരിച്ചതോ ഹാജരാകാതിരിക്കുന്നതോ [illegible] സംബന്ധിച്ചേടത്തോളം ആധാരം രജിസ്റ്റർ [illegible] [illegible] [illegible] ചെയ്യും വേണം.

[illegible] ഭാഗം.

ഒപ്പിട്ട ആളേയും സാക്ഷികളേയും വരുത്തുന്നതിനെക്കുറിച്ച്.

ഒപ്പിട്ടു കൊടുത്തയാളേയോ സാക്ഷികളേയോ വരുത്തുവാൻ ആവശ്യപ്പെടുമ്പോൾ നടപടി.

രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ അല്ലെങ്കിൽ രജിസ്റ്റർ ചെയ്യാനായി വല്ല ആധാരം [illegible] ഹാജരാക്കുന്നയാളോ വല്ല ആധാരപ്രകാരം അവകാശപ്പെടുന്നയാളോ ആ ആധാരത്തെ രജിസ്റ്റർ ചെയ്യുന്നതിലേക്കായി ഹാജരായിരിക്കേണ്ട [illegible] സാക്ഷി [illegible] ആവശ്യമായ വല്ലയാളേയും വരുത്തണമെന്നു ആഗ്രഹിക്കുന്നു എങ്കിൽ [illegible] വിവരിച്ചിരിക്കുംപോലെ താനു തന്നെയോ [illegible] അധികൃതനായ കാര്യസ്ഥൻ മുഖാന്തരമോ സമൻസിന്റെ [illegible] പറഞ്ഞിരിക്കുന്ന സമയത്തു രജിസ്റ്റർകച്ചേരിയിൽ ഹാജരാകുന്നതിന് അയാൾക്ക് ഒരു സമൻസയയ്ക്കുവാൻ ആ ഉദ്യോഗസ്ഥൻ യുക്തംപോലെ സമൻസ് സമർപ്പിക്കേണ്ടതായ ഏതു മുൻസിഫ് കോട്ടിന്റെ അധികാരാതിർത്തിക്കകത്തു പാർക്കുന്നുവോ ആ മുൻസിഫിന്നു, ആവശ്യംപോലെ [illegible] ചെയ്യും.

ഇതിനു സമൻസ നടത്തിക്കയും ചെയ്യുന്നതെന്ന്.

[illegible] ആ മുൻസിഫ് [illegible] [illegible] [illegible] കിട്ടിയാൽ ആ മുൻസിഫ് അതുപ്രകാരം സമൻസയയ്ക്കയും ഹാജരാകേണ്ട [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] കൊടുപ്പിക്കയും ചെയ്യണം.

കോട്ടുകച്ചേരിയിൽ ഹാജരാകുന്നതിൽനിന്നു ഒഴിവാക്കപ്പെട്ടവർ.

[illegible] (എ) (എ) [illegible] ഹേതുവായിട്ടു രജിസ്റ്റർ കച്ചേരിയിൽ [illegible] കൂടാതെയോ [illegible] [illegible] കൂടാതെയോ ഹാജരാകുവാൻ കഴിയാത്തവരാകട്ടെ,

(ബി) [illegible] പ്രൊസീജ്യർ കോഡിൻ പ്രകാരം [illegible] ഇരിക്കുന്നവരാകട്ടെ [illegible] കോട്ടിൽ താനേ തന്നെ ഹാജരാകുന്നതിൽ നിന്നു ഒഴിവാക്കപ്പെട്ടിട്ടുള്ളവരാകട്ടെ,

[illegible] ഹാജരാകണമെന്നു ആവശ്യപ്പെടുന്നതും അല്ല.

[illegible] [illegible] എല്ലാ [illegible] സംഗതിയിൽ രജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ താൻ തന്നെ [illegible] [illegible] അയാളെ തടവിൽ [illegible] [illegible] [illegible] അയാളോടു ചോദ്യം ചെയ്യേണ്ടതാകുന്നു. ആ [illegible] [illegible] [illegible] [illegible] അല്ലെന്നുവരികിൽ അയാളോടു ചോദ്യം ചെയ്വാൻ ആ സ്ഥലത്തെ [illegible] [illegible] [illegible] അയയ്ക്കുന്നതാകുന്നു.

സമൻസുകളേയും സാക്ഷികളേയും കുറിച്ചുള്ള നിബന്ധന

൩൨. സിവിൽകോടതി മുമ്പാകെയുള്ള വ്യവഹാരങ്ങളിൽ സമൻസുകളെക്കുറിച്ചും സാക്ഷികളെ വരുത്തുകയും അവക്കു ചിലവു കൊടുക്കയും ചെയ്യുന്നതിനെ കുറിച്ചും അതാതു സമയം നടപ്പുള്ള നിയമം മുൻചൊന്ന വിധത്തിൽ ഒഴികെയും ആവശ്യമുള്ള ഭേദഗതികളോടു കൂടിയും ൪ാം സെക്ഷനിലെ നിബന്ധനകൾ അനുസരിച്ചു അയക്കുന്ന വല്ല സമൻസിനും, വരുത്തുന്ന വല്ലയാളിനും, സംബന്ധിക്കയും ചെയ്യും.

൯-ാം ഭാഗം.

ഉയിൽപത്രങ്ങൾ ഹാജരാക്കുന്നതിനെക്കുറിച്ചു.

ഉയിൽപത്രങ്ങൾ ഹാജരാക്കുവാനവകാശമുള്ള ആളുകൾ

൩൩. ഉയിൽ പത്ര കർത്താവൊ അയാളുടെ മരണശേഷം ആ ഉയിൽ പത്രപ്രകാരം നടത്തുന്നയാളൊ മറ്റൊ അവകാശപ്പെടുന്ന വല്ലയാളൊ അതിനെ രജിസ്തർ ചെയ്യാനായി വല്ല സബ്ബ രജിസ്ത്രാരുടെയും പക്കൽ ഹാജരാക്കാവുന്നതാകുന്നു.

ഉയിൽപത്രങ്ങൾ രജിസ്തർചെയ്യൽ

൩൪. (൧) ഉയിൽ പത്രകർത്താ രജിസ്തർ ചെയ്യാനായി ഹാജരാക്കുന്ന ഉയിൽപത്രം മറ്റു വല്ല ആധാരവും രജിസ്തർ ചെയ്യുന്ന മാതിരിയിൽ രജിസ്തർ ചെയ്യപ്പെടാവുന്നതാകുന്നു,

(൨) രെജിസ്തർ ചെയ്യുന്നതിനു ഹാജരാകാൻ അവകാശമുള്ള മറ്റു വല്ല ആളാലും ഒരു ഉയിൽ പത്രം രെജിസ്തർ ചെയ്യാനായി ഹാജരാക്കപ്പെടുന്നതായാൽ,

(എ) ആ ഉയിൽ പത്രത്തിന്റെ കർത്താവായ ആൾ അതു ഒപ്പിട്ടുകൊടുത്തതാണെന്നും,

(ബി) ആ ഉയിൽ പത്രകർത്താ മരിച്ചുപോയി എന്നും,

(സി) ഉയിൽപത്രം ഹാജരാക്കുന്നയാൾ അങ്ങിനെ ഹാജരാക്കുന്നതിനു ൩൩-ം വകുപ്പനുസരിച്ചു അർഹതയുള്ള ആളാണെന്നും,

രജിസ്തർ ചെയ്യുന്ന ഉദ്യോഗസ്ഥനു ബോധ്യമായാൽ അതിനെ രജിസ്തരാക്കി കൊടുക്കേണ്ടതാകുന്നു.

൧൦-ാം ഭാഗം.

ഉയിൽപത്രങ്ങൾ അമാനത്തു വെക്കുന്നതിനെക്കുറിച്ചു.

ഉയിൽപത്രങ്ങൾ അമാനത്തു ചെയ്യുന്നതിനെ കുറിച്ചു

൩൫. ഒരു ഉയിൽപത്രകർത്താവൊ വല്ലയാളും തന്റെ ഉയിൽപത്രത്തെ ഒരു കൂട്ടിലാക്കി മുദ്രവെച്ചു തന്റെ പേരും തനിക്കു വല്ല കാര്യസ്ഥനുണ്ടെങ്കിൽ അയാളുടെ പേരും അതു ഒരു ഉയിൽ പത്രമാണെന്നുള്ള വിവരവും അതിന്റെ പുറത്തെഴുതി താൻ തന്നെ എങ്കിലും തന്റെ കാര്യസ്ഥൻ മുഖാന്തിരമെങ്കിലും വല്ല രെജിസ്ത്രാരുടേയും അടുക്കൽ അമാനത്തു വെക്കാവുന്നതാകുന്നു.

ഉയിൽപത്രങ്ങൾ അമാനത്തു വെക്കുമ്പോൾ നടപടി

൩൬. (൧) ആ വിധം കൂട്ട കിട്ടിയതിന്റെ ശേഷം അമാനത്തു വെക്കാനായി ഉയിൽ പത്രം ഹാജരാക്കുന്നയാൾ ആ ഉയിൽപത്രത്തിന്റെ കർത്താവൊ അയാളുടെ കാര്യസ്ഥനൊ ആണെന്നു രെജിസ്ത്രാർക്കു ബോദ്ധ്യം വന്നാൽ തന്റെ ൫-ം രെജിസ്തർ പുസ്തകത്തിൽ മേലുറത്തെ പുറമെഴുത്തിനെ പകർത്തി എഴുതുകയും ആ പുസ്തകത്തിലും ആ കൂട്ടിന്റെ പുറത്തും അങ്ങിനെ അമാനത്തു ഹാജരാക്കിയേയും കിട്ടിയതും ആണ്ടുമാസം തീയതി മണിക്കൂറു ഇവയും മരണപത്ര കർത്താവൊ അയാളുടെ കാര്യസ്ഥനൊ ആയാൾ തന്നെ എന്നു സാക്ഷി പറയുന്ന വല്ലയാളുകളുടെ പേരും ആ കൂട്ടിന്മേൽ വച്ചിരിക്കുന്ന മുദ്രയിന്മേൽ വായിക്കാവുന്ന വല്ല എഴുത്തു കാണുന്നു വല്ല മേലെഴുത്തുണ്ടെങ്കിൽ അതും എഴുതി വെക്കയും വേണം.

(൨) രെജിസ്ത്രാർ പിന്നീടു ആ മുദ്രവച്ച കൂട്ടിനെ തന്റെ തീരുമാനില്ലാത്ത പെട്ടിക്കകത്തു വച്ചു സൂക്ഷിക്കയും വേണം.

൪൩. (൧) ... ഉയിൽപത്രകർത്താവു തന്റെ മടങ്ങി കിട്ടണമെന്നു ആഗ്രഹിക്കുന്ന പക്ഷം അവൻ തന്നെ താനായിട്ടോ വച്ചുകൊണ്ടിരിക്കുന്ന രജിസ്ത്രാർക്കു താൻ ... യോ ക്രമപ്രകാരം അധികൃതനായ കാര്യസ്ഥൻ മുഖാന്തിരമോ രേഖാമൂലം അപേക്ഷിക്കാവുന്നതും ആ അപേക്ഷിക്കുന്നയാൾ യഥാർത്ഥമായിട്ട ഉയിൽപത്രകർത്താവോ അയാളുടെ കാര്യസ്ഥനോ ആണെന്നു രജിസ്ത്രാർക്കു ബോദ്ധ്യം വരുന്നതായാൽ അപ്രകാരം ആ കൂടിനെ രജിസ്ത്രാർ മടങ്ങി കൊടുക്കയും അതിനു ഒരു രസീതു വാങ്ങിക്കയും ചെയ്യേണ്ടതും ആകുന്നു.

... അനാമത്തു വച്ച കൂടു മടങ്ങി വാങ്ങുക.

൪൪. ൩൯-ാം വകുപ്പനുസരിച്ചു ഒരു മുദ്രവച്ച കൂടു അനാമത്തു വച്ചിരിക്കുന്ന ഉയിൽപത്രകർത്താവിന്റെ മരണാനന്തരം അതിനെ തുറക്കുവാനായി ആയതു അനാമത്തു വച്ചുകൊണ്ടിരിക്കുന്ന രജിസ്ത്രാർക്കു അപേക്ഷ കിട്ടുകയും ഉയിൽപത്രകർത്താവു മരിച്ചുപോയെന്നും അതിലടങ്ങിയിരിക്കുന്ന വിവരം ഇന്നതാണെന്നു അറിയുന്നതിനു ആ അപേക്ഷക്കാരനു അവകാശമുണ്ടെന്നും ആ പത്രത്തിൽ അടങ്ങിയിരിക്കുന്നതിനെ ഒക്കെയും പകർത്തുന്നതിനു വേണ്ട ചിലവിനു മതിയാകുന്ന തുക അപേക്ഷക്കാരൻ കെട്ടിവച്ചിട്ടുണ്ടെന്നും രജിസ്ത്രാർക്കു ബോദ്ധ്യം വരികയും ചെയ്യുന്നതായാൽ രജിസ്ത്രാർ ആ അപേക്ഷക്കാരന്റെ മുമ്പാകെ വച്ചു ആ കൂടിനെ തുറക്കയും അതിൽ അടങ്ങിയിരിക്കുന്നതിനെ ഒക്കെയും തന്റെ ൫-ാം പുസ്തകത്തിൽ പകർത്തിപ്പിക്കയും ചെയ്യേണ്ടതാകുന്നു.

അനാമത്തു വച്ചയാൾ മരിച്ചുപോയാൽ നടപടി

(൨) അങ്ങനെ പകർപ്പെടുത്തു തീർന്നാൽ രജിസ്ത്രാർ ആ അസൽ ഉയിൽപത്രത്തെ വീണ്ടും സൂക്ഷിക്കേണ്ടതാണ്.

വീണ്ടും സൂക്ഷിക്കുക.

൪൫. (൧) ഉയിൽപത്രം എഴുതിയയാൾ ജീവിച്ചിരിക്കുന്ന കാലത്തിൽ ൩൯-ാം ഭാഗം അനുസരിച്ചു അനാമത്തു വച്ചിരിക്കുന്ന യാതൊരു ഉയിൽപത്രത്തെയും ഹാജരാക്കണമെന്നു കോട്ടിൽനിന്നു ഉത്തരവു ചെയ്വാൻ പാടില്ലാ. എന്നാൽ ഉയിൽപത്രം എഴുതിയയാൾ മരിച്ചതിൽ പിന്നീട ആ ഉയിൽപത്രം ഹാജരാക്കണമെന്നു കോട്ടിൽനിന്നു ഉത്തരവു ചെയ്യാവുന്നതാകുന്നു.

ഉയിൽപത്രം ... കോട്ടിലേക്കു ... ഹാജരാക്കുക.

എന്നാൽ അങ്ങനെ ഒരു ഉത്തരവു ഉണ്ടാകുമ്പോൾ, ആ ഉയിൽപത്രത്തെ ൪൪-ാം വകുപ്പനുസരിച്ചു അതിനുമുമ്പിൽ തന്നെ പകർത്തി വച്ചിട്ടില്ലെന്നു വരികിൽ അതിനെ തുറക്കയും തന്റെ ൫-ാം പുസ്തകത്തിൽ പകർത്തിപ്പിക്കയും മേൽ പറഞ്ഞ ഉത്തരവനുസരിച്ചു അസൽ പത്രത്തെ കോട്ടിൽ കൊണ്ടുപോയിരിക്കുന്നു എന്നു ആ പകർപ്പിൽ കുറിച്ചുവെക്കുകയും ചെയ്യേണ്ടതാകുന്നു.

൧൨-ാം ഭാഗം

രജിസ്തർ ചെയ്യുന്നതിന്റെയും രജിസ്തർ ചെയ്യാതിരിക്കുന്നതിന്റെയും ഫലങ്ങൾ.

൪൬. ഒരു രജിസ്തർ ചെയ്യപ്പെട്ട ആധാരം ആയതു രജിസ്തർ ചെയ്യാൻ ആവശ്യമില്ലാതിരിക്കയോ, രജിസ്തർ ചെയ്യാതിരിക്കയോ ചെയ്തിരുന്നാൽ എപ്പോൾമുതൽ സാധകമാകാൻ തുടങ്ങുമായിരുന്നുവോ ആ സമയം മുതൽക്കു സാധകമാകാൻ തുടങ്ങും, അതിന്റെ രജിസ്തർ ചെയ്ത സമയം മുതൽക്കല്ല.

രജിസ്തർ ചെയ്യപ്പെട്ട ആധാരങ്ങൾ പ്രാബല്യത്തിൽ വരുന്ന സമയം.

൪൭. [illegible] റെഗുലേഷൻ അനുസരിച്ചു ക്രമപ്രകാരം രജിസ്തർ ചെയ്യപ്പെട്ടിട്ടുള്ളതോ ഇളകാത്തതോ ആയ വല്ല മുതൽക്കും സംബന്ധിക്കുന്നതായ ഉയിൽപത്രം അല്ലാത്ത എല്ലാ ആധാരങ്ങളും ആ മുതലിനെ സംബന്ധിച്ച തന്നെ വാക്കാൽ ചെയ്തിരിക്കുന്ന വല്ല ഉടമ്പടിക്കോ നിശ്ചയത്തിനോ പ്രതികൂലമായി ബലപ്പെട്ടിരിക്കയും ചെയ്യും.

രജിസ്തർ ചെയ്ത ആധാരങ്ങൾ വാക്കാലുള്ള ഉടമ്പടികൾക്കു പ്രതികൂലമായി ബലപ്പെടുന്നു എന്നു.

എന്നാൽ ഇങ്ങനെ മുതലിനെ സംബന്ധിച്ച വാക്കാൽ ഉടമ്പടിക്കനുസരണമായി ആ മുതലിന്റെ കൈവശം കൂടി കൊടുത്തിരിക്കുമ്പോൾ ആ വിധം ഉടമ്പടിക്കു ൪൭-ാം വകുപ്പിൽ ഉള്ള യാതൊന്നും സംബന്ധിക്കയില്ലാ.

൪൮. രജിസ്തർ ചെയ്യണമെന്നു ൧൭-ാം വകുപ്പിനാൽ ആവശ്യപ്പെട്ട യാതൊരാധാരവും രജിസ്തർ ചെയ്യാത്തപക്ഷം

രജിസ്തർ ചെയ്യേണ്ടതായ ആധാരങ്ങളെ രജിസ്തർ ചെയ്യാതിരുന്നാലുള്ള ഫലം.

(എ) അതിൽ ഉൾപ്പെട്ട വല്ല ഇളകാത്ത മുതലിന്റെ കാര്യത്തിൽ ഫലിക്കയാകട്ടെ

(ബി) ആ വിധ മുതലിനെ സംബന്ധിച്ച യാതൊരു കാര്യത്തിലെങ്കിലും തെളിവായി സ്വീകരിക്കപ്പെടുകയാകട്ടെ ചെയ്യുന്നതല്ല.

൪൨-ാം ഭാഗം.

രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളേയും അധികാരങ്ങളേയും കുറിച്ച്

(എ) രജിസ്റ്റർപുസ്തകങ്ങളേയും സൂചകപത്രങ്ങളേയും കുറിച്ച്.

ഓരോ കച്ചേരിയിൽ വെക്കേണ്ട രജിസ്റ്റർപുസ്തകങ്ങൾ.

൫൧. ഇതിനു താഴെ പേർ പറഞ്ഞിരിക്കുന്ന ഓരോ കച്ചേരികളിൽ താഴെ പറയുന്ന പുസ്തകങ്ങൾ വെക്കേണ്ടതാകുന്നു, എന്തെല്ലാമെന്നാൽ,

(എ) എല്ലാ സബ്ബ് രജിസ്റ്റർ കച്ചേരികളിലും,

൧-ാം പുസ്തകം. ഇളകാത്ത വസ്തുവിനെ സംബന്ധിച്ച് ഉയിൽപത്രം അല്ലാത്ത ആധാരങ്ങളുടെ രജിസ്റ്റർ.

൨-ാം പുസ്തകം ഉയിൽപത്രങ്ങളുടെ രജിസ്റ്റർ.

൩-ാം പുസ്തകം പലവക രജിസ്റ്റർ.

൪-ാം പുസ്തകം. രജിസ്റ്റർ ആക്കുകയില്ലെന്നു പറഞ്ഞതിനുള്ള കാരണങ്ങൾ എഴുതി വെക്കുന്ന പുസ്തകങ്ങൾ.

(ബി) രജിസ്റ്റർമാരുടെ ആഫീസുകളിൽ,

൨-ം ൪-ം പുസ്തകങ്ങളും.

൫-ം പുസ്തകം. ഉയിൽപത്രങ്ങൾ അനാമത്തു വെക്കുന്നതിനുള്ള രജിസ്റ്റർ.

(൨) ൧-ാം പുസ്തകത്തിൽ ഇളകാത്ത വസ്തുവിനെ സംബന്ധിക്കുന്നേയും ഉയിൽപത്രങ്ങൾ അല്ലാതേയും ൧൭ ൧൮ വകുപ്പുകൾ അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടുന്നേയും ൧൯, ൫൯, ൬൦, ൭൪ ഈ വകുപ്പുകൾ അനുസരിച്ച് കിട്ടുന്നേയും ആയ എല്ലാ ആധാരങ്ങളേയോ യാദാസ്തുകളേയോ പകർത്തുകയോ ഫയൽ ചെയ്കയോ ചെയ്യേണ്ടതാകുന്നു.

(൩) ൩-ാം പുസ്തകത്തിൽ ഇളകാത്ത വസ്തുവിനെ സംബന്ധിച്ചുള്ളതല്ലാത്തതും ൧൮-ാം വകുപ്പനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും ആയ എല്ലാ ആധാരങ്ങളേയും പകർത്തി വെക്കേണ്ടതാകുന്നു.

ഹാജരാക്കുന്ന ആധാരത്തിന്മേൽ പുറമെഴുത്ത്.

൫൨. (൧) (എ) രജിസ്റ്റർ ചെയ്യാനായി ഒരു ആധാരം ഹാജരാക്കുന്ന എല്ലാ ആളുകളുടേയും ഒപ്പും ഹാജരാക്കിയ തിയതിയും മണിക്കൂറും സ്ഥലവും, ആധാരം ഹാജരാക്കുന്ന കാലത്തിൽ ഓരോ ആധാരത്തിന്മേലും പുറത്തു എഴുതണം.

ആധാരത്തിനു രസീതു.

(ബി) ആയാധാരത്തെ ഹാജരാക്കുന്നയാൾക്ക് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ആയാധാരം കിട്ടിയതായി ഒരു രസീതു കൊടുക്കണം.

രജിസ്റ്റർ ചെയ്യാനായി സ്വീകരിച്ച ആധാരങ്ങൾ പകർത്തുന്നതിനെ കുറിച്ച്.

(സി) ൬൨-ാം വകുപ്പിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്കു കീഴ്പ്പെട്ട രജിസ്റ്റർ ചെയ്യാൻ കൈക്കൊള്ളുന്ന എല്ലാ ആധാരത്തേയും അനാവശ്യമായ താമസം കൂടാതെ അതിന്റെ പകർപ്പെഴുതുന്നതിനായി പ്രത്യേകം വച്ചിരിക്കുന്ന പുസ്തകത്തിൽ അതിനെ വാങ്ങിയ ക്രമംപോലെ പകർക്കുകയും വേണം.

(൨) രജിസ്റ്റർ ചെയ്യാനായി അംഗീകരിക്കപ്പെട്ട അസ്സലാധാരത്തിൽ ഇടക്കു ചേർത്തിട്ടുള്ളതായോ, ഒന്നെഴുതാതെ വിട്ടിരിക്കുന്നതായോ, എഴുതി ചുരണ്ടി എടുത്തിരിക്കുന്നതായോ ഭേദപ്പെടുത്തിയിരിക്കുന്നതായോ, വല്ലതും കണ്ടാൽ അതിനെ പുസ്തകത്തിൽ പകർത്തിട്ടുള്ള ആധാരപ്പകർപ്പിൽ ശരിയായും സൂക്ഷ്മമായും കുറിച്ചു വെക്കേണ്ടതാകുന്നു.

(൩) ആ വിധ പുസ്തകങ്ങൾ എല്ലാം ഈ റെഗുലേഷൻ ൬൯-ം വകുപ്പനുസരിച്ച് ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ അതാതു കാലത്തിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന വിധത്തിലും കാലത്തിലും സാക്ഷ്യപ്പെടുത്തപ്പെട്ടിരിക്കേണ്ടതാകുന്നു.

ചേർക്കുന്നതിനൊക്കെയും വഴിക്കുവഴി നമ്പർ ഇടണം എന്നു.

൫൩. അതാതു പുസ്തകത്തിൽ ചേർക്കുന്നതിനെ ഒക്കെയും അതാതു കൊല്ലം ആദ്യം മുതൽ കൊല്ലം അവസാനം വരെ വഴിക്കുവഴി യഥാക്രമം ആയി നമ്പർ ഇടുകയും അതാതു കൊല്ലം ആരംഭത്തിൽ പിന്നെ പുതുതായി ഒരു നമ്പർ തുടങ്ങിക്കൊള്ളുകയും വേണം.

൩൬. ഇതിനു മുമ്പിൽ പറഞ്ഞിരിക്കുന്ന പുസ്തകങ്ങളിൽ വല്ലതും വച്ചിരിക്കുന്ന എല്ലാ കച്ചേരിയിലും ആ പുസ്തകങ്ങളിൽ അടങ്ങിയ വിവരങ്ങൾക്ക അപ്പൊഴപ്പോൾ സൂചകപത്രങ്ങൾ തയ്യാറാക്കണം. ആ സൂചകപത്രങ്ങളിൽ ചേൎപ്പാനുള്ളതൊക്കെയും അതു ഏതു ആധാരത്തിനു സംബന്ധിക്കുന്നവോ ആ ആധാരത്തെ, രെജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ, പകൎത്തുകയോ അതിന്റെ മെമ്മോറാണ്ഡത്തിനെ ഫയൽചെയ്കയോ ചെയ്തതിന്റെ ശേഷം കൂടുന്നിടത്തോളം വേഗത്തിൽ സൂചകപത്രങ്ങളിൽ ചേൎക്കയും വേണം.

അപ്പൊഴപ്പോൾ സൂചകപത്രങ്ങൾ തയ്യാറാക്കേണ്ടതും

൩൭. (൧) എല്ലാ രെജിസ്ത്രാർകച്ചേരികളിലും നാലു സൂചകപത്രങ്ങൾ തയ്യാറാക്കുകയും അവയ്ക്കു ൧-ം നമ്പർ സൂചകപത്രങ്ങൾ, ൨-ം നമ്പർ സൂചകപത്രങ്ങൾ, ൩-ം നമ്പർ സൂചകപത്രങ്ങൾ, ൪-ം നമ്പർ സൂചകപത്രങ്ങൾ എന്നു പേർ പറകയും ചെയ്യണം.

രെജിസ്ത്രാർ ഉദ്യോഗസ്ഥന്മാർ തയ്യാറാക്കേണ്ടുന്ന സൂചകപത്രങ്ങൾ.

(൨) ഒന്നാം പുസ്തകത്തിൽ പകൎത്തുകയോ മെമ്മോറാണ്ഡം ഫയൽചെയ്കയോ ചെയ്തിട്ടുള്ള ഓരോ ആധാരവും ഒപ്പിട്ടുകൊടുത്ത എല്ലാ ആളുകളുടേയും പേരും വിവരവും ഒന്നാം നമ്പർ സൂചകപത്രത്തിൽ അടങ്ങിയിരിക്കണം.

(൩) ൧-ം പുസ്തകത്തിൽ ഫയൽചെയ്തിരിക്കുന്ന തീൎപ്പുകളുടേയും ഉത്തരവുകളുടേയും വിഷയത്തിൽ ഒന്നാം നമ്പർ സൂചകപത്രത്തിൽ വാദിയുടേയും പ്രതിയുടേയും പേരുകളും ഒന്നിലധികം വാദികളോ പ്രതികളോ ഉണ്ടായിരുന്നാൽ ഒന്നാം വാദി ഇന്നാർ മുതൽപേർ എന്നും ഒന്നാം പ്രതി ഇന്നാർ മുതൽപേർ എന്നും എഴുതിയിരിക്കേണ്ടതാകുന്നു.

(൪) ഒന്നാം പുസ്തകത്തിൽ പകൎക്കുകയോ മെമ്മോറാണ്ഡം ഫയൽചെയ്കയോ ചെയ്തിട്ടുള്ള ഓരോ ആധാരത്തെയും സംബന്ധിച്ച ൨൧-ം വകുപ്പിൽ വിവരിച്ചിരിക്കുന്ന വിവരങ്ങൾ ഡൈറക്ടർ അതാതു കാലം ആജ്ഞാപിക്കുംപോലെ ൨-ം നമ്പർ സൂചകപത്രത്തിൽ അടങ്ങിയിരിക്കണം.

(൫) മൂന്നാം പുസ്തകത്തിൽ പകൎക്കുന്ന ഓരോ ആധാരത്തെ ഒപ്പിട്ടുകൊടുക്കുന്ന എല്ലാ ആളുകളുടേയും ആ ഓരോ ആധാരപ്രകാരം അവകാശപ്പെടുന്ന എല്ലാ ആളുകളുടേയും പേരും വിവരങ്ങളും ൩-ം നമ്പർ സൂചകപത്രത്തിൽ അടങ്ങിയിരിക്കണം.

(൬) രണ്ടാം പുസ്തകത്തിൽ പകൎക്കുന്ന എല്ലാ ഉയിൽപത്രങ്ങളെ എഴുതിക്കൊടുത്ത ആളുകളുടേയും അപ്രകാരം നിശ്ചയിക്കുന്ന ഉയിൽപത്രം നടത്തുന്നവരുടേയും പേരും വിവരങ്ങളും ഉയിൽപത്രകൎത്താവിന്റെ മരണശേഷം (അതിനു മുൻപേ അല്ല) ആ പത്രപ്രകാരം അവകാശപ്പെടുന്ന എല്ലാ ആളുകളുടേ പേരും വിവരങ്ങളും നാലാം നമ്പർ സൂചകപത്രത്തിൽ അടങ്ങിയിരിക്കണം.

(൭) ഓരോ സൂചകപത്രത്തിലും മറ്റു വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതും അവയെ അതാതു സമയം ഡൈറക്ടർ ആജ്ഞാപിക്കുന്ന മാതിരിയിൽ തയ്യാറാക്കേണ്ടതും ആകുന്നു.

സൂചകപത്രങ്ങളിലുള്ള വിശേഷവിവരങ്ങൾ.

൩൮. (൧) ഓരോ മാസത്തിന്റേയും ആദിയിൽ ൧-ം ൨-ം നമ്പർ സൂചകപത്രങ്ങളിൽ സബ് രെജിസ്ത്രാർ എഴുതീട്ടുള്ളതെല്ലാവറ്റിന്റേയും ഓരോ പകൎപ്പിനെ ആ ഓരോ സബ്‌രെജിസ്ത്രാരും രെജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ താൻ കീഴ്പ്പെട്ടിരിക്കുന്ന രെജിസ്ത്രാൎക്കു അയക്കേണ്ടതാകുന്നു.

൧-ം ൨-ം നമ്പർ സൂചകപത്രങ്ങളിൽ എഴുതുന്നവയുടെ പകൎപ്പുകൾ രെജിസ്ത്രാൎക്കു അയക്കണം

(൨) അപ്രകാരം കിട്ടുന്ന പകൎപ്പിനെ പരിശോധിച്ചതിന്റെ ശേഷം രെജിസ്ത്രാരുടെ കച്ചേരിയിൽ ഫയൽചെയ്തു വെക്കേണ്ടതാകുന്നു.

ആ പകൎപ്പിനെ രെജിസ്ത്രാരുടെ കച്ചേരിയിൽ ഫയൽ ചെയ്യുന്നതെന്നു.

൩൯. (൧) അതിനായി നിശ്ചയിച്ച ഫീസ് മുൻപേറായി അടച്ചാൽ ൧-ം ൩-ം പുസ്തകങ്ങളും ൧-ം പുസ്തകത്തെ ചേൎന്ന സൂചകപത്രങ്ങളും അവയെ നോക്കുവാനായി അപേക്ഷിക്കുന്ന ഏവനും എല്ലാ സമയത്തും നോക്കാവുന്നതും ൫൭-ം വകുപ്പിലെ വ്യവസ്ഥകൾക്ക ഉൾപ്പെട്ടു ആ പുസ്തകങ്ങളിൽ ചേൎത്തിട്ടുള്ളവയുടെ പകൎപ്പുകൾ അവയ്ക്കായി അപേക്ഷിക്കുന്ന എല്ലാ ആളുകൾക്കും കൊടുക്കപ്പെടേണ്ടതും ആകുന്നു.

രെജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥന്മാർ ചില പുസ്തകങ്ങളും സൂചകപത്രങ്ങളും നോക്കുവാൻ സമ്മതിക്കണം എന്നും അവയിൽ ചേൎത്തിട്ടുള്ളതിന്റെ ഒപ്പിട്ട പകൎപ്പുകൾ കൊടുക്കണം എന്നും.

(൨) അതേ വ്യവസ്ഥകൾക്കുൾപ്പെട്ട് ൨-ം പുസ്തകത്തിലും അതിനെ സംബന്ധിച്ച സൂചകപത്രത്തിലും ചേർത്തിരിക്കുന്നതെല്ലാവറ്റിന്റേയും പകൎപ്പുകൾ അവ ഏതു ആധാരങ്ങളെ സംബന്ധിച്ചുള്ളവയൊ ആ ആധാരങ്ങളെ ഒപ്പിട്ടു കൊടുക്കുന്ന ആളുകൾക്കൊ അവരുടെ കാൎയ്യസ്ഥന്മാൎക്കൊ എങ്കിലും ആ ഒപ്പിട്ടു കൊടുത്തവരുടെ മരണശേഷം (അതിനു മുൻപെ പാടില്ല) ഏവന്നും ആ പകൎപ്പുകൾക്കായി അപേക്ഷിച്ചാൽ കൊടുക്കേണ്ടതാകുന്നു.

(൩) അതേ വ്യവസ്ഥകൾക്കുൾപ്പെട്ട്, ൩-ം പുസ്തകത്തിലും അതിനെ സംബന്ധിച്ച സൂചകപത്രത്തിലും ചേർത്തിരിക്കുന്നവയുടെ പകൎപ്പുകൾ, അവ ഏതു ആധാരങ്ങളെപ്പറ്റിയുള്ളവയൊ അവയെ ഒപ്പിട്ടു കൊടുത്തയൊ അവയനുസരിച്ച അവകാശപ്പെട്ടന്നയൊ ആയ വല്ല ആൾക്കൊ അയാളുടെ കാൎയ്യസ്ഥനൊ പ്രതിനിധിക്കൊ എങ്കിലും അല്ലെങ്കിൽ വല്ല കോട്ടിൽ നിന്നുള്ള സട്ടിഫിക്കെട്ടോടുകൂടി ഇതിനായി അപേക്ഷിക്കുന്ന വല്ല ആൾക്കെങ്കിലും അപേക്ഷിച്ചാൽ കൊടുക്കേണ്ടതാകുന്നു.

(൪) ഈ വകുപ്പനുസരിച്ചു ൨-ം ൩-ം പുസ്തകങ്ങളിൽ ചേർത്തിരിക്കുന്നവയെ നോക്കിയെടുക്കൽ രെജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻതന്നെ ചെയ്യേണ്ടതാകുന്നു.

(൫) ഈ വകുപ്പനുസരിച്ചു കൊടുക്കുന്ന എല്ലാ പകൎപ്പുകളേയും രെജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ കൈയൊപ്പും മുദ്രയും വച്ചു കൊടുക്കേണ്ടതാകുന്നു. ആ പകൎപ്പുകൾ അസൽ ആധാരങ്ങളിൽ അടങ്ങിയിരിക്കുന്നതു ഇന്നതാണെന്നു തെളിയിക്കുന്നതിലേക്കായി സ്വീകരിക്കത്തക്കതായിരിക്കണം.

(ബി) രെജിസ്റ്റർചെയ്വാൻ കൈക്കൊണ്ടതിന്റെശേഷം നടപടി.

രെജിസ്റ്റർ ചെയ്വാനായി കൈക്കൊണ്ട ആധാരങ്ങളിൽ പുറത്തെഴുത്തും വിവരങ്ങൾ

൬൦. (൧) രെജിസ്റ്റർചെയ്വാനായി സ്വീകരിക്കപ്പെട്ട ഓരോ ആധാരത്തിന്മേലും താഴെ പറയുന്ന സംഗതികളെ അതാതു സമയം പുറത്തെഴുത്തിൽ എഴുതേണ്ടതാകുന്നു. അവ ഏതെല്ലാമെന്നാൽ:—

(എ) ആധാരം എഴുതിക്കൊടുത്തതായി സമ്മതിക്കുന്ന ഓരോ ആളിന്റേയും ഒപ്പും വിവരവും; അങ്ങനെ ഒപ്പിട്ടു കൊടുത്തതായി സമ്മതിക്കുന്നതു വല്ല ആളുടേയും പ്രതിനിധിയൊ മുതലെടുപ്പുകാരനൊ കാൎയ്യസ്ഥനൊ ആണെന്നുവരികിൽ ആ പ്രതിനിധിയുടേയൊ മുതലെടുപ്പുകാരന്റേയൊ കാൎയ്യസ്ഥന്റേയൊ ഒപ്പും വിവരവും,

(ബി) ൭-ം റെഗുലേഷനിലെ വ്യവസ്ഥകളിൽ വല്ലതും അനുസരിച്ചു ആ വിധം ആധാരത്തെപ്പറ്റി വിസ്തരിക്കുന്ന ഓരോ ആളിന്റേയും ഒപ്പും വിവരവും,

(സി) ആധാരം എഴുതി കൊടുത്തതിനെപ്പറ്റി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ പണമൊ ചരക്കുകളൊ കൊടുക്കുന്നതും ആധാരം ചെയ്തു കൊടുക്കുന്നതിനെപ്പറ്റി പ്രതിഫലം മുഴുവനുമൊ ഒരു ഭാഗമൊ കിട്ടിയതായി ആ ഉദ്യോഗസ്ഥന്റെ മുൻപാകെ വച്ചു സമ്മതിക്കുന്നതും,

(ഡി) ഒരു ആധാരം ഒപ്പിട്ടു കൊടുത്തതായി സമ്മതിക്കുന്ന വല്ലയാളും അതിന്റെ പുറത്തൊപ്പിടുകയില്ലെന്നു തടസ്ഥം പറയുന്നതായാൽ കൂടിയും രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ആയാധാരത്തെ രജിസ്റ്റർ ചെയ്യേണ്ടതും ആ തടസ്ഥം പറഞ്ഞ വിവരത്തിനു ഒരു യാദാസ്തു അപ്പോൾ തന്നെ അതിന്റെ പുറത്തു എഴുതേണ്ടതും ആകുന്നു.

ആ വക പുറത്തെഴുത്തുകളെ രെജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥൻ തിയതിവച്ചു ഒപ്പിടേണ്ടതാകുന്നു.

൬൧. ൫൯-ം ൬൦-ം വകുപ്പുകൾ പ്രകാരം ഒരേ ആധാരത്തെ പറ്റിയും ഒരേ ദിവസത്തിൽ തന്നെ തന്റെ മുൻപാകെ വച്ചും എഴുതിയ എല്ലാ പുറത്തെഴുത്തുകൾക്കും രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ തിയതിയും കയ്യൊപ്പും വെക്കേണ്ടതാകുന്നു.

കക്ഷികൾ അവരുടെ പേരു പൂൎണ്ണമായി എഴുതിപ്പിടുന്നതെന്നു

൬൨. കക്ഷികൾക്കു ഒപ്പായിട്ടു പ്രത്യേകമായ അടയാളം വല്ലതും ഉണ്ടെങ്കിൽ ആ അടയാളങ്ങൾ വെക്കുന്നതു കൂടാതെ അവരുടെ പേരു കൂടി പൂൎണ്ണമായി എഴുതുന്നതിനു കഴിയുമുള്ളടത്തെല്ലാം ആവശ്യപ്പെടേണ്ടതാകുന്നു. ഒരു ആധാരത്തെ രജിസ്റ്റർ ചെയ്വാനായി ഹാജരാക്കുമ്പോൾ ആയാധാരത്തിന്റെ വാചകത്തിൽ ആധാരം എഴുതികൊടുത്തയാളുടെ പേരു മുഴുവനും എഴുതീട്ടില്ലാത്തതായി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ കണ്ടാൽ ആയാധാരത്തെ രജിസ്റ്റർ ചെയ്വാനായി കയ്യേല്ക്കുന്നതിനു മുമ്പെ ആ എഴുതികൊടുത്തയാളെ വരുത്തി മേൽപ്രകാരം എഴുതാൻ വിട്ടുപോയതിനെ എഴുതണമെന്നു നിഷ്കൎഷിക്കേണ്ടതാകുന്നു.

ആധാരം രജിസ്റ്റർ ചെയ്തു എന്നും ആയതു ഹാജരാക്കിയ ആൾ ഇന്ന പുസ്തകത്തിൽ ഇത്രാം വശത്തിൽ ആണെന്നും കാണിക്കുന്ന സർട്ടിഫിക്കേറ്റുകൾ

൫൩. (എ) ൫൧, ൫൨, ൫൦, ൫൪ ഈ വകുപ്പുകളിൽ രജിസ്റ്റർ ചെയ്യാനായി ഹാജരാക്കുന്ന വല്ല ആധാരത്തിനും സംബന്ധിക്കുന്നതായ വ്യവസ്ഥകൾ പ്രകാരം ഒക്കെയും നടന്നതിന്റെ ശേഷം രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ അതിന്റെ പുറത്തു "രജിസ്റ്റർ ചെയ്തു" എന്നും ആയാധാരം പകർത്തിയതു ഇന്ന പുസ്തകത്തിൽ ഇത്രാം വശത്തിൽ എന്നും ഒരു സർട്ടിഫിക്കേറ്റു എഴുതുകയും വേണം.

(ബി) ആ സർട്ടിഫിക്കേറ്റിനെ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ഒപ്പിട്ടു മുദ്രയും തീയതിയും വെക്കണം; ആയതു, ആയാധാരം ഈ റിഗുലേഷൻ അനുസരിച്ച ക്രമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നും ൫൨-ം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന പുറത്തെഴുത്തുകളിൽ വിവരിച്ചിരിക്കുന്ന സംഗതികൾ അതിൽ വിവരിച്ചിരിക്കുന്നപോലെ നടന്നു എന്നും തെളിയിപ്പാൻ സ്വീകരിക്കത്തക്കതായിരിക്കയും ചെയ്യും.

പുറത്തെഴുത്തും സർട്ടിഫിക്കേറ്റുകളും പകർത്തേണ്ടതു

൫൪. (എ) ൫൨, ൫൩ ഈ വകുപ്പുകളിൽ പ്രസ്താവിച്ചിരിക്കുന്നതും വിവരിച്ചിരിക്കുന്നതും പുറത്തെഴുത്തുകളെയും സർട്ടിഫിക്കേറ്റുകളെയും അതിന്റെ ശേഷം രജിസ്റ്റർ പുസ്തകത്തിന്റെ മാർജിനിൽ പകർത്തേണ്ടതാകുന്നു; ൨൧-ം വകുപ്പിൽ പറഞ്ഞിട്ടുള്ളതുപോലെ പടത്തിന്റെയോ പ്ലാനിന്റെയോ പകർപ്പിനെ ൧-ം പുസ്തകത്തിൽ ഫൈയൽ ചെയ്യേണ്ടതും ആകുന്നു.

ആധാരം മടക്കിക്കൊടുക്കേണ്ടതു

(ബി) അതിന്റെ ശേഷം ആയാധാരത്തിന്റെ രജിസ്റ്റർ ചെയ്യൽ പൂർണ്ണമായ പ്രകാരം വിചാരിക്കപ്പെടുന്നതും ആയാധാരം അതു രജിസ്റ്റർ ചെയ്യാനായി ഹാജരാക്കിയ ആൾക്കോ അല്ലെങ്കിൽ ൩൨-ം വകുപ്പിൽ വിവരിച്ചിരിക്കുന്ന രസീതിയിൽ രേഖാമൂലം അതിലേക്കായി വല്ലവരെയും അയാൾ പേരുപറഞ്ഞു നിയമിച്ചിട്ടുണ്ടെന്നുവരികിൽ ആയാൾക്കോ മടങ്ങി കൊടുക്കപ്പെടുന്നതും ആകുന്നു.

മലയാളമോ തമിഴോ അല്ലാത്ത ഭാഷയിൽ എഴുതിയ ആധാരങ്ങൾ ഹാജരാക്കുമ്പോൾ നടപടി

൫൫. (എ) ഒരാധാരത്തെ ൧൯ ാം വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്യാനായി ഹാജരാക്കുമ്പോൾ അസലാധാരം പോലെയുള്ള ആധാരങ്ങൾക്കുള്ള രജിസ്റ്റർ പുസ്തകത്തിൽ തർജ്ജമയെ പകർക്കുകയും ൧൯ ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന പകർപ്പോടുകൂടി ആ തർജ്ജമയെ രജിസ്റ്റർ കച്ചേരിയിൽ ഫയൽ ചെയ്കയും ചെയ്യേണ്ടതാകുന്നു.

(ബി) ൫൨ ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന പുറത്തെഴുത്തുകളും ൫൩ ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന സർട്ടിഫിക്കേറ്റും അസലിന്മേൽ എഴുതുകയും ൫൭-ം ൬൦-ം ഈ വകുപ്പുകളാൽ ആവശ്യപ്പെട്ട പകർപ്പുകൾ എടുക്കുന്നതിലേക്കായി ആ തർജ്ജമയെ അസൽ എന്നപോലെ ഗണിക്കുകയും ചെയ്യണം.

സത്യം ചെയ്യിപ്പാനുള്ള അധികാരം

൫൬. ഈ റെഗുലേഷനിലെ നിബന്ധനകൾ അനുസരിച്ചു താൻ വിസ്തരിക്കുന്ന യാതൊരാളെക്കൊണ്ടും രജിസ്റ്റർ ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥനും യുക്തംപോലെ സത്യം ചെയ്യിപ്പിക്കാവുന്നതാകുന്നു.

വാമൊഴികളുടെ സാരം കുറിച്ചുവെക്കുക

൫൭. വിസ്തരിക്കപ്പെട്ട ഓരോരുത്തരുടെയും മൊഴികളെ ഓരോ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനും തന്റെ യുക്തംപോലെ എഴുതി റിക്കാർഡിൽ വെക്കാവുന്നതും ആ മൊഴിയെ അയാളെ വായിച്ചു കേൾപ്പിക്കേണ്ടതും ആ മൊഴിസാരം എഴുതീട്ടുള്ളതു അയാൾക്കു പരിചയം ഇല്ലാത്ത ഒരു ഭാഷയിൽ ആയിരുന്നു എന്നുവരികിൽ അയാൾക്കു പരിചയം ഉള്ള ഒരു ഭാഷയിൽ പറഞ്ഞു ആ വിവരത്തെ അയാളെ മനസ്സിലാക്കിക്കേണ്ടതും ആ എഴുതിയ മൊഴി ശരിതന്നെ എന്നു അയാൾ സമ്മതിക്കുന്ന പക്ഷം അതിൽ അയാളും രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനും ഒപ്പിടേണ്ടതും ആകുന്നു.

൫൮. മുൻവകുപ്പു അനുസരിച്ചു ഒപ്പിടപ്പെട്ടതും റിക്കാർഡ്ചെയ്യപ്പെട്ടതും ആയ ഓരോ മൊഴിയും അതിൽ രേഖപ്പെടുത്തിയിരിക്കുന്ന മൊഴികൾ അതിൽ വിവരിച്ചിരിക്കുന്ന ആളുകളാലും അവസ്ഥകളിലും പറഞ്ഞതാണെന്നു തെളിവിലേക്കായി സ്വീകരിക്കത്തക്കതായിരിക്കും.

(സി) സബ് രജിസ്ത്രാരുടെ പ്രത്യേക പ്രവൃത്തികൾ.

പല സബ് ഡിസ്ത്രിക്ടുകളിൽ ആയി കിടക്കുന്ന ഭൂമിയെ സംബന്ധിച്ച ആധാരത്തെ രജിസ്തർ ചെയ്യുന്നതിൽ നടപടി

൩൯. മുഴുവനും തന്റെ സബ് ഡിസ്ത്രിക്ടിൽ കിടക്കുന്നതല്ലാത്ത ഇളകാത്ത മുതലിനെ സംബന്ധിക്കുന്നേയും ഉയിൽപത്രം അല്ലാത്തേയും ഒരു ആധാരത്തെ രജിസ്തർ ചെയ്യുന്നതിൽ ഓരോ സബ് രജിസ്ത്രാരും അതിന്റെയും അതിന്മേലുള്ള പുറത്തെഴുത്തിന്റെയും സർട്ടിഫിക്കേറ്റിന്റെയും ഒരു മെമ്മോറാണ്ഡമെടുത്തു ൨൧-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള വല്ല പടമോ പ്ലാനോ ഉണ്ടെങ്കിൽ അതിന്റെ പകർപ്പോടുകൂടി ആ മുതലിൽ വല്ല ഭാഗവും ഏതേതു സബ് ഡിസ്ത്രിക്ടുകളിൽ കിടക്കുന്നുവൊ അവിടങ്ങളിലെ സബ് രജിസ്ത്രാന്മാരിൽ ഓരോരുത്തർക്കും ആയതിനെ അയക്കണം. ആ സബ് രജിസ്ത്രാർ ആ മെമ്മോറാണ്ഡത്തിനേയും ഉണ്ടെങ്കിൽ പടത്തിന്റേയൊ പ്ലാനിന്റേയൊ പകർപ്പിനേയും ൧-ം പുസ്തകത്തിൽ ഫയൽ ചെയ്തു വെക്കേണ്ടതാകുന്നു.

൨൮-ാം വകുപ്പു അനുസരിച്ചു രജിസ്തർ ചെയ്യുമ്പോൾ നടപടി.

൪൦. ൨൮-ാം വകുപ്പു അനുസരിച്ചു വല്ല ആധാരവും രജിസ്തർ ചെയ്യുമ്പോൾ ആ ആധാരത്തിന്റേയും അതിന്മേൽ എഴുതുന്ന പുറത്തെഴുത്തിന്റേയും സർട്ടിഫിക്കേറ്റുകളുടെ മെമ്മോറാണ്ഡവും അതോടുകൂടി ൨൧-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള പടമൊ പ്ലാനൊ ഉണ്ടെങ്കിൽ അതിന്റെ പകർപ്പും ആ ആധാരം സംബന്ധിക്കുന്നതായ മുതൽ ആസകലമൊ അതിൽ വല്ല ഭാഗമൊ ഏതേതു സബ് ഡിസ്ത്രിക്ടിൽ കിടക്കുന്നുവൊ അതിലെ സബ് രജിസ്ത്രാൎക്കു അയക്കപ്പെടേണ്ടതാകുന്നു. രജിസ്തർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ആ മെമ്മോറാണ്ഡം കിട്ടിയതിന്റെശേഷം ൩൯-ാം വകുപ്പിൽ അയാൾക്കായി വിധിച്ചിട്ടുള്ള നടപടിയെ അനുവൎത്തിക്കേണ്ടതാകുന്നു.

(ഡി) രജിസ്ത്രേഷൻ ഡിപ്പാൎട്ടുമെണ്ടിന്റെ മേൽവിചാരാധികാരങ്ങളെ കുറിച്ചു.

സബ് രജിസ്ത്രാൎമാരുടെ മേൽവിചാരവും മേലന്വേഷണവും രജിസ്ത്രാർ ചെയ്യണമെന്നു.

൪൧. ഓരോ രജിസ്ത്രാരും ൧൯൨൦-ം റെഗുലേഷൻ ൯൪-ാം വകുപ്പനുസരിച്ചു നടപ്പാകുന്ന ചട്ടങ്ങളാൽ അയാൾക്കു കൊടുക്കപ്പെടാവുന്ന സബ് രജിസ്ത്രാരുടെ മേൽഭരണത്തേയും പരിശോധനത്തേയും സംബന്ധിച്ച അധികാരങ്ങളെ നടത്തേണ്ടതാകുന്നു.

രജിസ്തർ ചെയ്യുന്ന ഉദ്യോഗസ്ഥന്മാരുടെ മേൽഅന്വേഷണവും മേൽവിചാരവും ഡയറക്ടർ നടത്തണമെന്നു.

൪൨. (എ) ഓരോ രജിസ്ത്രാരും സബ് രജിസ്ത്രാരും തന്റെ ഉദ്യോഗപ്രവൃത്തികളെ രജിസ്ത്രേഷൻ ഡയറക്ടരുടെ മേൽഅന്വേഷണത്തിനും മേൽവിചാരത്തിനും കീഴായി നടത്തേണ്ടതാകുന്നു.

(ബി) തനിക്കു കീഴായ വല്ല രജിസ്ത്രാരുടേയും സബ് രജിസ്ത്രാരുടേയും വല്ല പ്രവൃത്തിയേയൊ വീഴ്ചയേയൊ സംബന്ധിച്ചാകട്ടെ വല്ല ആധാരവും രജിസ്തർ ചെയ്ത പുസ്തകത്തെയൊ കച്ചേരിയേയൊ കുറിച്ചുള്ള വല്ല തെറ്റിനേയും ശരിയാക്കുന്നതിനെ സംബന്ധിച്ചാകട്ടെ ൧൯൨൦-ം റെഗുലേഷനു യോജിപ്പായി തനിക്കു യുക്തമെന്നു തോന്നുന്ന വല്ല ഉത്തരവും അപ്പീലായി വന്നതിന്മേലാകട്ടെ മറ്റു വിധത്തിലാകട്ടെ അയപ്പാൻ രജിസ്ത്രേഷൻ ഡയറക്ടൎക്കു അധികാരം ഉള്ളതാകുന്നു:

പിഴകളൊ ഫീസുകളൊ മാപ്പു ചെയ്യുന്നതിനു രജിസ്ത്രേഷൻ ഡയറക്ടരുടെ അധികാരം.

൪൩. (എ) ക്രമമായ രജിസ്തർ ഫീസിനു കൂടുതലായി വസൂലാക്കീട്ടുള്ള വല്ല ഫീസൊ പിഴയൊ ഇതിൽ ആസകലത്തേയൊ വല്ല ഭാഗത്തേയൊ രജിസ്ത്രേഷൻ ഡയറക്ടൎക്കു തന്റെ യുക്തംപോലെ മാപ്പു കൊടുക്കയും ചെയ്യാം.

ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു ദിവാനുള്ള അധികാരങ്ങൾ.

൪൪. ദിവാൻ നമ്മുടെ അനുവാദത്തോടുകൂടി, ൧൯൨൦-ം റെഗുലേഷനു അനുകൂലമായ ചട്ടങ്ങളെ അതാതു സമയം ഉണ്ടാക്കാവുന്നതാകുന്നു. എന്തിനെല്ലാമെന്നാൽ,

(എ) പുസ്തകങ്ങളും പത്രങ്ങളും ആധാരങ്ങളും ഭദ്രമായി സൂക്ഷിക്കേണ്ടതിന്നു മേലാൽ വച്ചുകൊള്ളുവാൻ ആവശ്യമില്ലാത്ത പുസ്തകങ്ങളേയും പത്രങ്ങളേയും ആധാരങ്ങളേയും നശിപ്പിക്കേണ്ടതിലേക്കു,

(ബി) രജിസ്റ്റർ ചെയ്യാൻ കൊണ്ടുവരുന്ന ആധാരങ്ങൾ ഇന്ന ഭാഷകളിലും ഇന്ന സാധനങ്ങളിലും സാധനങ്ങളിന്മേലും സാധനങ്ങൾകൊണ്ടും എഴുതുകയോ അച്ചടിക്കയോ ചെയ്തിരിക്കണമെന്നും ആ വിധം ആധാരങ്ങളുടെ വലിപ്പം ഇത്രയായിരിക്കണമെന്നും അവയിൽ ഇത്ര സ്ഥലം എഴുതാതെ വിട്ടിരിക്കണമെന്നും നിശ്ചയിപ്പാനും,

(സി) ൨൧-ം വകുപ്പു അനുസരിച്ചു നിശ്ചയിക്കേണ്ട പിഴകളുടെ തുകയെ ക്രമപ്പെടുത്തുന്നതിനും,

(ഡി) ൬൪-ം ൬൫-ം വകുപ്പുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്ക സിദ്ധിച്ചിട്ടുള്ള വിവേചനത്തെ നടത്തുന്നതിനെ ക്രമപ്പെടുത്തുന്നതിനും,

(ഇ) ൬൬-ം വകുപ്പനുസരിച്ചു ഒരു രജിസ്ത്രാരുടേയും സബ്ബ രജിസ്ത്രാരുടേയും കച്ചേരിയിൽ വച്ചിരിക്കുന്ന പുസ്തകങ്ങളെ അവരവർ സാക്ഷ്യപ്പെടുത്തി വെക്കുന്നതിനെ ക്രമപ്പെടുത്തുന്നതിനും,

(എഫ്) കക്ഷികൾ കൊടുക്കുന്ന മുക്ത്യാർനാമ പത്രങ്ങളെ റട്ട് ചെയ്യുന്നതിനു അവർ അനുവർത്തിക്കേണ്ട വഴി ഇന്നതാണെന്നു കാണിച്ചുകൊടുക്കുന്നതിനും,

(ജി) ഈ റെഗുലേഷനെ നടത്തുന്നതിനു ആവശ്യമെന്നു കാണുന്ന മറ്റു നിബന്ധനകൾ ഉണ്ടാക്കുന്നതിനും ആകുന്നു.

(൨) ഈ വകുപ്പു അനുസരിച്ചു ഉണ്ടാക്കുന്ന ചട്ടങ്ങളെ ഗവർൺമെണ്ടു ഗസെററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അപ്പോൾ അവയ്ക്കു ഈ റെഗുലേഷനിൽ അടങ്ങിയതായിരുന്നാലത്തെപ്പോലെയുള്ള പ്രാബല്യമുണ്ടായിരിക്കുന്നതും ആകുന്നു.

൧൨-ാം ഭാഗം.

രജിസ്റ്റർ ചെയ്യാൻ നിഷേധിക്ക.

രജിസ്റ്റർ ചെയ്യുകയില്ലെന്നു പറയുന്ന കാരണത്തെ രേഖപ്പെടുത്തേണ്ടുന്നതു.

൭൧. (൧) ഒരു ആധാരം ഏതു മുതലിനു സംബന്ധിച്ചിട്ടുള്ളതോ ആ മുതൽ തന്റെ സബ് ഡിസ്ത്രിക്ടിനകത്തു കിടക്കുന്നില്ലെന്നുള്ള കാരണത്തിന്മേലല്ലാതെ ആ ആധാരം രജിസ്റ്റർ ചെയ്യുവാൻ വിരോധം പറയുന്ന ഓരോ സബ് രജിസ്ത്രാരും, ആയതു നിഷേധിച്ചിരിക്കുന്നതായി ഒരു ഉത്തരവിടുകയും ആ ഉത്തരവു ചെയ്യുന്നതിനുള്ള കാരണങ്ങളെ തന്റെ ൨-ം പുസ്തകത്തിൽ രേഖപ്പെടുത്തുകയും "രജിസ്റ്റർ നിഷേധിച്ചിരിക്കുന്നു" എന്ന വാക്യത്തെ ആ ആധാരത്തിന്മേൽ പുറത്തെഴുത്തായി എഴുതുകയും ചെയ്യേണ്ടതാകുന്നു. ആ ആധാരം ഒപ്പിട്ടു കൊടുത്തതോ അയാളനുസരിച്ചു അവകാശപ്പെട്ടതോ ആയ വല്ലയാളും അപേക്ഷിക്കുന്നതായാൽ അപ്രകാരം രേഖപ്പെടുത്തിയ കാരണങ്ങളുടെ ഒരു പകർപ്പിനെ കൂലി വാങ്ങാതെയും അനാവശ്യമായ താമസം കൂടാതെയും കൊടുക്കയും വേണം.

(൨) അപ്രകാരം പുറത്തെഴുതി തള്ളിയിരിക്കുന്ന യാതൊരാധാരവും ഇതിനു മേൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾപ്രകാരം രജിസ്റ്റർ ചെയ്യാൻ വിധിച്ചാലല്ലാതെ അങ്ങനെ വിധിക്കുന്നതുവരെക്കും രജിസ്റ്റർ ചെയ്യാനായി യാതൊരു രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനും സ്വീകരിച്ചുകൂടാത്തതാകുന്നു.

ആധാരം ഒപ്പിട്ടുകൊടുത്തിട്ടില്ലെന്നുള്ള കാരണത്തിന്മേലല്ലാതെ രജിസ്റ്റർ ചെയ്യുകയില്ലെന്നു സബ് രജിസ്ത്രാർ നിശ്ചയിച്ച ഉത്തരവുകളെ അന്യഥാകരിക്കുന്നതിനോ ഭേദപ്പെടുത്തുന്നതിനോ ഉള്ള അധികാരം.

൭൨. (൧) രജിസ്റ്റർ ചെയ്യുകയില്ലെന്നു പറഞ്ഞതു ആധാരം ഒപ്പിട്ടിട്ടില്ലെന്നുള്ള കാരണത്തിന്മേലോ ആരു ഒപ്പിട്ടു കൊടുത്തിരിക്കുന്നതായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ അയാൾ, സമൻസയക്കപ്പെട്ടതിന്റെ ശേഷവും, സബ്ബ രജിസ്ത്രാരുടെ മുമ്പാകെ ഹാജരായിട്ടില്ലെന്നുള്ള കാരണത്തിന്മേലോ ആയിരിക്കുമ്പോൾ ഒഴികെ, രജിസ്റ്റർ ചെയ്യുന്നതു നിർബന്ധമായിട്ടുള്ളതാകട്ടെ മനസ്സുണ്ടെങ്കിൽ ആവാം എന്നുള്ളതാകട്ടെ ആയ ഒരു ആധാരം രജിസ്റ്റർ ചെയ്കയില്ലെന്നു ഒരു സബ്ബ രജിസ്ത്രാർ നിശ്ചയിച്ച യാതൊരു ഉത്തരവിന്മേലും ആ സബ്ബ രജിസ്ത്രാർ ഏതു രജിസ്ത്രാർക്ക കീഴ്പെട്ടിരിക്കുന്നുവോ ആ രജിസ്ത്രാരോടു, ആ ഉത്തരവിന്റെ പകർപ്പു കിട്ടുന്നതിൽ താമസിച്ച സമയം ഒഴിച്ചു ആ ഉത്തരവിന്റെ തീയതി മുതൽ ൩൦ ദിവസത്തിനകം, അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. രജിസ്ത്രാർ ആ ഉത്തരവിനെ അന്യഥാകരിക്കയോ ഭേദപ്പെടുത്തുകയോ ചെയ്യാവുന്നതാകുന്നു.

(൨) ആ ആധാരത്തെ രജിസ്റ്റർ ചെയ്യേണ്ടതാണെന്നു രജിസ്ട്രാർ ഉത്തരവു ചെയ്കയും, ആ ഉത്തരവിൻെറ പകപ്പു കിട്ടുന്നതിൽ താമസിച്ച സമയം കഴിച്ചു ആ ഉത്തരവിൻെറ തീയതി മുതൽ ൩൦ ദിവസത്തിനകം രജിസ്റ്റർ ചെയ്യാനായി ആ ആധാരം ഹാജരാക്കപ്പെട്ടിരിക്കയും ചെയ്യുന്നതായാൽ സബ്ബ രജിസ്ട്രാർ ആ ഉത്തരവിനെ അനുസരിക്കയും അതിന്മേൽ, ൫൮, ൫൯, ൬൦-ം വകുപ്പുകളിൽ വിധിച്ചിരിക്കുന്ന നടപടിയെ കഴിവുള്ളെടത്തോളം അനുവർത്തിക്കയും ചെയ്യേണ്ടതാകുന്നു. ആ രജിസ്റ്റർ ചെയ്യലിനു ആ ആധാരത്തെ രജിസ്റ്റർ ചെയ്യാനായി ആദ്യം ക്രമപ്രകാരം ഹാജരാക്കപ്പെട്ട തീയതി രജിസ്റ്റർ ചെയ്തിരുന്നാലത്തെപ്പോലെയുള്ള ഫലം ഉണ്ടായിരിക്കയും ചെയ്യും.

ഒപ്പിട്ടു കൊടുക്കാൻ നിഷേധിച്ചു എന്നുള്ള കാരണത്തിന്മേൽ രജിസ്റ്റർ ചെയ്വാൻ സബ് രജിസ്ട്രാർ വിരോധം പറഞ്ഞാൽ ഹർജി.

൭൩. (൧) ഒരാധാരത്തെ എഴുതി കൊടുത്തതായി ഉദ്ദേശിക്കുന്നയാളോ, അയാളുടെ പ്രതിനിധിയോ മുതലെടുപ്പുകാരനോ അപ്രകാരം ഒപ്പിട്ടു കൊടുത്തിട്ടില്ലെന്നു പറയുന്ന കാരണത്തിന്മേലോ അല്ലെങ്കിൽ ആ ആധാരം എഴുതി ഒപ്പിട്ടു കൊടുത്തതായി പറയപ്പെടുന്നയാൾ സമർപ്പിക്കപ്പെട്ടതിൻെറ ശേഷവും തൻെറ മുമ്പാകെ ഹാജരായിട്ടില്ലെന്നുള്ള കാരണത്തിന്മേലോ ആ ആധാരത്തെ രജിസ്റ്റർ ചെയ്യുകയില്ലെന്നു ഒരു സബ്ബ രജിസ്ട്രാർ പറയുമ്പോൾ,

ആ ആധാരപ്രകാരം അവകാശം പറയുന്നയാളോ അയാളുടെ പ്രതിനിധിയോ മുതലെടുപ്പുകാരനോ അല്ലെങ്കിൽ കാര്യസ്ഥനോ, ആ നിഷേധ ഉത്തരവിൻെറ പകപ്പു കിട്ടുന്നതിനു താമസിച്ച സമയത്തെ കഴിച്ചു, ആ ഉത്തരവിൻെറ തീയതി മുതൽ ൩൦ ദിവസത്തിനകം ആ സബ് രജിസ്ട്രാർ ഏതു രജിസ്ട്രാർക്കു കീഴ്പെട്ടിരിക്കുന്നുവോ ആ രജിസ്ട്രാരുടെ പക്കൽ, ആ ആധാരം രജിസ്റ്റർ ചെയ്തു കിട്ടുവാനുള്ള തൻെറ അവകാശത്തെ സ്ഥാപിക്കാനായി അപേക്ഷിക്കാവുന്നതാകുന്നു.

(൨) ആ അപേക്ഷ രേഖാമൂലം ആയിരിക്കേണ്ടതും അതോടൊന്നിച്ചു ൭൧-ാം വകുപ്പനുസരിച്ചു രേഖപ്പെടുത്തീട്ടുള്ള കാരണങ്ങളുടെ ഒരു പകപ്പു കൂടി ഹാജരാക്കേണ്ടതും ആ അപേക്ഷ ഹർജിയിലുള്ള വിവരങ്ങളെ സിവിൽ അന്യായ ഹർജികളെ സത്യബോധപ്പെടുത്തുന്നതിനു നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിധത്തിൽ ഹർജിക്കാരൻ സത്യബോധപ്പെടുത്തി ഇരിക്കേണ്ടതുമാകുന്നു.

ആ ഹർജി കിട്ടിയാൽ രജിസ്ട്രാരുടെ നടപടി.

൭൪. മേൽപ്രകാരം ഹർജി കിട്ടുമ്പോൾ ആ രജിസ്ട്രാർ അവസരംപോലെ പാടുള്ള വേഗത്തിൽ—

(എ) ആ ആധാരം ഒപ്പിട്ടിട്ടുണ്ടോ എന്നും,

(ബി) ആ ആധാരം രജിസ്റ്റർ ചെയ്യപ്പെടേണ്ടതിനു തൽക്കാലം നടപ്പുള്ള നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതെല്ലാം ആ ഹർജിക്കാരനോ അതിനെ രജിസ്റ്റർ ചെയ്വാൻ ഹാജരാക്കുന്നയാളോ കാര്യത്തിൻെറ അവസ്ഥപോലെ ആചരിച്ചിട്ടുണ്ടോ എന്നും, അന്വേഷിക്കണം.

രജിസ്റ്റർ ചെയ്യാനുള്ള ഉത്തരവും അതിന്മേൽ നടപടിയും.

൭൫. (൧) ആധാരം ഒപ്പിട്ടിട്ടുണ്ടെന്നും മേൽപറഞ്ഞ ആവശ്യങ്ങളെ എല്ലാം ആചരിച്ചിട്ടുണ്ടെന്നും രജിസ്ട്രാർ കാണുന്നതായാൽ അതിനെ രജിസ്റ്റർ ചെയ്യേണ്ടതാണെന്നു ആ രജിസ്ട്രാർ ഉത്തരവു കൊടുക്കണം.

(൨) ആ ഉത്തരവു കൊടുത്തതിൻെറ ശേഷം അതിൻെറ പകപ്പു കിട്ടുന്നതിൽ താമസിച്ച സമയത്തെ കഴിച്ചു ൩൦ ദിവസത്തിനകം ആധാരത്തെ രജിസ്റ്റർ ചെയ്യുന്നതിനായി ക്രമപ്രകാരം ഹാജരാക്കുന്നതായാൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ അതിനെ അനുസരിക്കയും അതിന്മേൽ കഴിവുള്ളിടത്തോളം ൫൮, ൫൯, ൬൦. ഈ വകുപ്പുകളിൽ വിധിച്ചിരിക്കുന്ന നടപടിയെ അനുവർത്തിക്കയും ചെയ്യണം.

(൩) ആ വിധം രജിസ്റ്റർ ചെയ്യലിനു അതിനെ രജിസ്റ്റർ ചെയ്യാനായി ആദ്യം ക്രമപ്രകാരം ഹാജരാക്കിയപ്പോൾ രജിസ്റ്റർ ചെയ്താലത്തെപ്പോലെയുള്ള ഫലം ഉണ്ടായിരിക്കും.

(൪) രജിസ്ട്രാർ, ൭൪-ം വകുപ്പനുസരിച്ചുള്ള വല്ല അന്വേഷണത്തിൻെറ കാര്യത്തിലേക്കായി സാക്ഷികൾക്കു സമൻസയക്കയും അവരെ ഹാജരാക്കിക്കയും അയാൾ ഒരു സിവിൽ കോർട്ടായിരുന്നാൽ ഏതു പ്രകാരമൊ അപ്രകാരം സാക്ഷി പറവാനായി നിർബന്ധിക്കയും ആ വിധം ഉള്ള വല്ല അന്വേഷണത്തിലും ഉണ്ടാകുന്ന ചിലവുകൾ മുഴുവനുമൊ ഏതാനുമൊ ഇന്നാർ കൊടുക്കണം എന്നു വിധിക്കയും, ചെയ്യാവുന്നതും ആ ചിലവു സിവിൽ നടപടി നിയമം അനുസരിച്ചു ഒരു വ്യവഹാരത്തിൽ കൊടുക്കാൻ വിധിച്ചിട്ടുള്ള ചിലവുപോലെ ഈടാക്കുന്നതായിരിക്കുന്നതും ആകുന്നു.

(ഡി) ഡിക്രിയെ സംബന്ധിച്ച ഉത്തരവു ഏതു കക്ഷിക്കു അനുകൂലമായി ചെയ്യപ്പെട്ടിരിക്കുന്നുവോ ആ ഉത്തരവിന്റെ ഒരു പകർപ്പിനെ രജിസ്ത്രാർ ക്രമപ്രകാരം ഒപ്പും മുദ്രയും വച്ചു ആ കക്ഷി ഏതു മുൻസിഫിന്റെ അധികാരാതിർത്തിക്കകത്തു പാർക്കുന്നുവോ ആ മുൻസിഫിന്നു അയച്ചുകൊടുക്കേണ്ടതാകുന്നു. ആ മുൻസിഫ്, ആ കക്ഷിയുടെയോ അയാളുടെ പ്രതിനിധിയുടെയോ മുതൽഎടുപ്പുകാരന്റെയോ അപേക്ഷയിന്മേൽ, ആ ഉത്തരവിനെ ഡിക്രി നടത്തുന്നതിനു വിധിച്ചിട്ടുള്ള രീതിയിൽ നടത്തിക്കേണ്ടതാകുന്നു.

രജിസ്ത്രാർ നിഷേധിക്കുന്നതു

൭൦. (എ) ൬൮-ാം വകുപ്പോ ൬൯-ാം വകുപ്പോ അനുസരിച്ചു ഒരു ആധാരം രജിസ്റ്റർ ചെയ്തു കൊടുക്കുന്നതിനു ഉത്തരവു കൊടുപ്പാൻ വിരോധം പറയുന്ന എല്ലാ രജിസ്ത്രാരും അങ്ങിനെ വിരോധം പറഞ്ഞിരിക്കുന്നതായി ഉത്തരവിട്ട ആ ഉത്തരവിനുള്ള കാരണങ്ങളെ തന്റെ ൧-ാം പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാകുന്നു. ആയാധാരം എഴുതി കൊടുക്കുന്നയോ അതനുസരിച്ചു അവകാശപ്പെടുന്നയോ വല്ലയാളും അപേക്ഷിക്കുന്നതായാൽ അപ്രകാരം രേഖപ്പെടുത്തിട്ടുള്ള കാരണങ്ങളുടെ ഒരു പകർപ്പിനെ കൂലിവാങ്ങിക്കാതെയും അനാവശ്യമായ താമസം കൂടാതെയും അപേക്ഷക്കാരനു കൊടുക്കേണ്ടതും ആകുന്നു.

(ബി) ൬൯-ാം വകുപ്പിൻപ്രകാരം ചെയ്യുന്ന വല്ല ഉത്തരവിന്മേലും അപ്പീലില്ല.

രജിസ്റ്റർ ചെയ്വാൻ വിരോധം പറയുന്നകാര്യത്തിൽ വ്യവഹാരം.

൭൧. (എ) ൬൮-ാം വകുപ്പിൻപ്രകാരമോ ൬൯-ാം വകുപ്പിൻപ്രകാരമോ ആധാരം രജിസ്റ്റർ ചെയ്യുന്നതിനു ഉത്തരവു കൊടുക്കാൻ രജിസ്ത്രാർ വിരോധം പറഞ്ഞാൽ ആയാധാരം അനുസരിച്ചു അവകാശപ്പെടുന്ന വല്ല ആളോ അയാളുടെ പ്രതിനിധിയോ മുതൽഎടുപ്പുകാരനോ കാര്യസ്ഥനോ ആയാധാരത്തെ ഏതു കച്ചേരിയിൽ രജിസ്റ്റർ ചെയ്തു കിട്ടുവാൻ ആവശ്യപ്പെട്ടുവോ ആ കച്ചേരിയിൽ ആയാധാരം രജിസ്റ്റർ ചെയ്തു കൊടുപ്പാൻ തീർച്ചചെയ്യുന്ന ഒരു വിധി കിട്ടുന്നതിനായി, മേൽ പറഞ്ഞ കച്ചേരി ഏതു അധികാരമുള്ള സിവിൽ കോട്ടിന്റെ അതൃാധികാര സ്ഥലാതിരുത്തികളിൽ കിടക്കുന്നുവോ ആ സിവിൽ കോട്ടിൽ ആ നിഷേധ ഉത്തരവിന്റെ പകർപ്പു കിട്ടുന്നതിനു താമസിച്ച സമയത്തെ തള്ളി ആ ഉത്തരവിന്റെ തീയതിമുതൽ ൩൦ ദിവസത്തിനകം ഒരു വ്യവഹാരം കൊടുക്കാം. എന്നാൽ ആ വിധിപ്രകാരം രജിസ്റ്റർ ചെയ്തു കിട്ടുവാൻ ഹാജരാക്കുന്നതു ആ വിധി ഉണ്ടായ ശേഷം മുപ്പതു ദിവസങ്ങൾക്കുള്ളിൽ ആയിരിക്കണം. ഒരു അപ്പീലിന്റെ സംഗതിയിൽ അവസാന വിധിയുണ്ടായതിന്റെ ശേഷം, ആ വിധിയുടെ പകർപ്പു കിട്ടുന്നതിൽ കഴിഞ്ഞ കാലം തള്ളി ൩൦ ദിവസങ്ങൾക്കുള്ളിൽ ആയിരിക്കണം.

(ബി) ൪൦-ാം വകുപ്പു ൨-ം, ൩-ം ഖണ്ഡങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ രജിസ്റ്റർ ചെയ്യുന്നതിനായി ഹാജരാക്കുന്ന എല്ലാ ആധാരങ്ങൾക്കും ആവശ്യപ്പെട്ട ഭേദഗതികളോടുകൂടി സംബന്ധിക്കയും ചെയ്യും. ഈ റിഗ്ഗുലേഷനിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആയാധാരം ആ വ്യവഹാരത്തിൽ തെളിവായി സ്വീകരിക്കത്തക്കതായിരിക്കുന്നതാകുന്നു.

൧൩-ാം ഭാഗം.

രജിസ്റ്റർ ചെയ്വാനും തിരിഞ്ഞെടുപ്പാനും പകർപ്പുകൾക്കും ഉള്ള പീസുകൾ.

പീസു ക്ലിപ്തപ്പെടുത്തുന്നതു.

൭൨. (എ) ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി;

(എ) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും,

(ബി) രജിസ്റ്റർബുക്കുകൾ തിരിഞ്ഞെടുപ്പാനും.

(സി) രജിസ്റ്റർ ചെയ്യും മുമ്പെയോ ചെയ്യുമ്പോഴോ, ചെയ്തതിന്റെ ശേഷമോ കാരണങ്ങളുടെയോ രജിസ്റ്റർ പതിപ്പുകളുടെയോ ആധാരങ്ങളുടെയോ, പകർപ്പുകൾ എഴുതി ഉണ്ടാക്കുകയോ കൊടുക്കുകയോ ചെയ്വാനും അടക്കേണ്ടുന്ന പീസുകളുടെ ഒരു നിരക്കു പട്ടികയും.

(ഡി) ൩൩-ാം വകുപ്പനുസരിച്ചു രജിസ്റ്റർ ചെയ്യുന്നതിന്നൊക്കെയും,

(ഇ) ഹർജികൾ ഫയൽ ചെയ്യുന്നതിനും,

(എഫ്) വാസസ്ഥലങ്ങളിൽ ചെല്ലുന്നതിനും,

(ജി) ആധാരങ്ങളെ ഭദ്രമായി സൂക്ഷിച്ചു തിരികെ കൊടുക്കുന്നതിനും.

(എച്ച്) ഈ റെഗുലേഷന്റെ കാൎയ്യങ്ങളെ നടത്തുന്നതിനായി ആവശ്യമെന്നു തോന്നുന്ന മറ്റു സംഗതികളും.

അടക്കേണ്ടതായ വിശേഷാൽ അല്ലെങ്കിൽ കൂടുതൽ ഫീസ്സ് വകക്കു ഒരു നിരക്കു പട്ടികയും, തയ്യാറാക്കേണ്ടതാകുന്നു.

പട്ടികയെ ഭേദപ്പെടുത്തൽ.

(ബി). ദിവാൻ, നമ്മുടെ അനുവാദത്തോടുകൂടി ആ പട്ടികയെ അതാതു സമയം ഭേദപ്പെടുത്താവുന്നതാകുന്നു.

ഫീസു പ്രസിദ്ധപ്പെടുത്തുക.

൨൮. അപ്രകാരം നടക്കേണ്ട ഫീസിന്റെ ഒരു നിരക്കു ഗവൎമ്മെണ്ടു ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു. അതിന്റെ ഒരു പകൎപ്പ് ഇംഗ്ലീഷിലും നാട്ടുഭാഷയിലും എല്ലാവരും കാണത്തക്കവണ്ണം എല്ലാ രജിസ്ട്രാർ കച്ചേരിയിലും പരസ്യമായി വച്ചിരിക്കേണ്ടതാകുന്നു.

ഫീസും പിഴകളും ആധാരം ഹാജരാക്കുമ്പോൾ അടക്കേണ്ടതെന്നും അതിനെ സൎക്കാരിലേക്കു മുതൽ കൂട്ടണമെന്നും

൨൯. (എ) ഈ റെഗുലേഷൻ അനുസരിച്ചു ആധാരങ്ങൾ രജിസ്ടർ ചെയ്യാനുള്ള എല്ലാ ഫീസുകളും ൧൮-ം വകുപ്പനുസരിച്ചുള്ള എല്ലാ പിഴകളും ആധാരങ്ങളെ രജിസ്ടർ ചെയ്യുന്നതിനായി ഹാജരാക്കുമ്പോൾ അടക്കേണ്ടതാകുന്നു.

(ബി) ആ എല്ലാ ഫീസുകളേയും പിഴകളേയും മണ്ഡപത്തുംവാതുക്കൽ മുതൽപിടിയിലോ ദിവാൻ അതാതു സമയം ഉത്തരവു കൊടുക്കുന്നതുപോലെ മറ്റു വല്ല ഖജനാവിലൊ അടക്കേണ്ടതും അതിനെ സൎക്കാരിലേക്കു മുതൽ കൂട്ടേണ്ടതുമാകുന്നു.

൭-ം ഭാഗം.

ശിക്ഷകൾ.

ഉപദ്രവിക്കണമെന്നുള്ള വിചാരത്തോടു കൂടി തെറ്റായി ആധാരങ്ങളിൽ പുറമെഴുതുകയൊ പകൎത്തുകയൊ, തൎജ്ജിമ ചെയ്കയൊ, രജിസ്ടർ ചെയ്കയൊ, ചെയ്താലുള്ള ശിക്ഷ.

൩൦. ഈ റിഗുലേഷൻ അനുസരിച്ചു നിയമിക്കപ്പെടുന്ന എല്ലാ രജിസ്ടർ ചെയ്യുന്ന ഉദ്യോഗസ്ഥനും ആ ഉദ്യോഗസ്ഥന്റെ കച്ചേരിയിൽ ഈ റിഗുലേഷന്റെ ആവശ്യങ്ങൾക്കായി നിയമിക്കപ്പെട്ടിരിക്കുന്ന എല്ലാ ആളുകളും ഇതിലെ നിബന്ധനകൾ അനുസരിച്ചു ഹാജരാക്കുന്നതൊ അനാമത്തു വെക്കുന്നതൊ വല്ല ആധാരത്തിലും പുറമെഴുതുകയൊ അതിനെ പകൎത്തുകയൊ തൎജ്ജിമ ചെയ്കയൊ രജിസ്ടർ ചെയ്കയൊ ചെയ്യുന്നതിനായി ചുമതലപ്പെടുത്തപ്പെട്ടിരിക്കെ ശിക്ഷാനിയമത്തിൽ വിവരിച്ചിരിക്കുമ്പോലെ വല്ലയാൾക്കും ഉപദ്രവം വരുത്തണമെന്നു വിചാരിച്ചോ അല്ലെങ്കിൽ അതിനാൽ താൻ വല്ല ആൾക്കും ഉപദ്രവം വരുത്താൻ ഇടയുണ്ടെന്നറിഞ്ഞുംകൊണ്ടൊ അയഥാൎത്ഥമെ, തെറ്റാണെന്നു താൻ അറിയുന്നതൊ വിശ്വസിക്കുന്നതൊ ആയ വിധത്തിൽ പുറമെഴുതുകയൊ പകൎത്തുകയൊ തൎജ്ജിമ ചെയ്കയൊ രജിസ്ടരാക്കുകയൊ ചെയ്താൽ ൭ സംവത്സരത്തോളം വരാവുന്ന തടവൊ പിഴയൊ രണ്ടുംകൂടിയൊ ശിക്ഷ വിധിക്കപ്പെടുവാൻ പാത്രമായി തീരും.

മറ്റു ചില കുറ്റങ്ങൾക്കുള്ള ശിക്ഷ

൩൧. താഴെ വിവരിക്കുന്ന കുറ്റങ്ങളിൽ വല്ലതും ആരെങ്കിലും ചെയ്താൽ അയാൾ ൭ സംവത്സരത്തോളം വരാവുന്ന കാലത്തേക്കു തടവൊ പിഴയൊ രണ്ടുംകൂടിയൊ ശിക്ഷ വിധിക്കപ്പെടുവാൻ പാത്രമായിഭവിക്കും.

രജിസ്ടർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ കളവായി വിവരം ബോധിപ്പിക്ക.

(എ) ഈ റെഗുലേഷൻപ്രകാരം ഉള്ള വല്ല നടപടിയിലൊ വിചാരണയിലൊ ഈ റെഗുലേഷൻ നടത്തുന്നതിൽ ഏൎപ്പെട്ടിരിക്കുന്ന വല്ല ഉദ്യോഗസ്ഥന്റെ മുമ്പാകെ സത്യത്തിന്മേലൊ അല്ലാതെയൊ രേഖപ്പെടുത്തിയിരുന്നെങ്കിലും ഇല്ലെങ്കിലും, വ്യാജമായ വല്ല വിവരവും മനഃപൂൎവ്വം ബോധിപ്പിക്ക,

തെറ്റായ പകൎപ്പൊ തൎജ്ജമയൊ കൊടുക്ക.

(ബി) ൧൯-ം വകുപ്പൊ ൨൫-ം വകുപ്പൊ ൨൬-ം വകുപ്പൊ അനുസരിച്ചുള്ള വല്ല നടപടിയിലും ഒരു ആധാരത്തിന്റെ തെറ്റായ ഒരു പകൎപ്പൊ തെറ്റായ ഒരു തൎജ്ജിമയൊ രജിസ്ടർ ചെയ്യുന്ന ഉദ്യോഗസ്ഥനു മനഃപൂൎവ്വം കൊടുക്ക.

(സി) കളവായി ആൾമാറാട്ടം ചെയ്കയും അങ്ങിനെ മാറിയ ആൾ എന്ന ന്യത്തിന്മേൽ ഈ റെഗുലേഷൻ അനുസരിച്ചുള്ള വല്ല നടപടിയിലൊ വിചാരണയിലൊ വല്ലയാധാരവും ഹാജരാക്കുകയൊ വല്ല സമ്മതവും കൊടുക്കയൊ വല്ല വിവരവും ബോധിപ്പിക്കയൊ വല്ല സമൻസും അയക്കാൻ ഇടയാക്കുകയൊ മറ്റു വല്ല പ്രവൃത്തിയും നടത്തുകയൊ ചെയ്യുക.

ആൾമാറാട്ടം ചെയ്ക

(ഡി) ഈ റെഗുലേഷനാൽ ശിക്ഷാർഹമാക്കി ചെയ്യപ്പെട്ടിട്ടുള്ള വല്ല തിരുനയും ചെയ്യുന്നതിനു ശിക്ഷാ നിയമത്തിലെ അർത്ഥവിവരണ പ്രകാരം ഉത്സാഹിപ്പിക്ക.

ഈ റെഗുലേഷൻ അനുസരിച്ചുള്ള കുറ്റങ്ങളെ ഉത്സാഹിപ്പിക്കൽ

൬൬ തന്റെ ഉദ്യോഗാവസ്ഥയിൽ ഒരു രെജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥന്റെ അറിവിൽ വരുന്നതായ ഈ റെഗുലേഷൻ പ്രകാരം ഉള്ള വല്ല കുറ്റത്തിനും ഉള്ള അന്യായം, കാര്യത്തിന്റെ അവസ്ഥപോലെ, ഏതു രെജിസ്ത്രാരുടെ ഡിസ്ത്രിക്തിലൊ ഏതു സബ്‌രെജിസ്ത്രാരുടെ സബ്‌ഡിസ്ത്രിക്തിലൊ കുറ്റം നടത്തപ്പെട്ടുവൊ ആ രെജിസ്ത്രാരൊ സബ് രെജിസ്ത്രാരൊ രെജിസ്ത്രേഷൻ ഡൈറെക്ടരുടെ അനുവാദത്തോടുകൂടി, ബോധിപ്പിക്കാം.

രെജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ അന്യായം ബോധിപ്പിക്കാമെന്നു

൬൭. (എ) ഈ റെഗുലേഷൻ പ്രകാരം നിയമിക്കപ്പെടുന്ന എല്ലാ രെജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥനും ശിക്ഷാ നിയമത്തിന്റെ അർത്ഥത്തിലുൾപ്പെട്ട സർക്കാർ ജീവനക്കാരനായി ഗണിക്കപ്പെടുന്നതാകുന്നു.

രെജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനെ സർക്കാർ ജീവനക്കാരനായി ഗണിക്കണമെന്നു

(ബി) ആ രെജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ വല്ല വിവരവും അയാൾക്കു കൊടുപ്പാൻ എല്ലാവരും നിയമത്താൽ നിബദ്ധന്മാരായിരിക്കുന്നു.

(സി) ശിക്ഷാ നിയമത്തിൽ ൨൨൮-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന "ജുഡിഷ്യൽ നടപടികൾ" എന്ന പദങ്ങളിൽ ഈ റെഗുലേഷൻ അനുസരിച്ചുള്ള നടപടിയും കൂടി ഉൾപ്പെടും.

(ഡി) ഒരു രെജിസ്ത്രാർ ആ ഉദ്യോഗസ്ഥാനത്തിൽ ക്രിമിനൽ നടപടി നിയമം ൩൪൫, ൩൪൬, ൩൪൭, ൩൪൮ ഈ വകുപ്പുകളുടെ അർത്ഥത്തിൽ ഉൾപ്പെട്ട ഒരു കോട്ടായി ഗണിക്കപ്പെടുന്നതാകുന്നു. ഒരു സബ് രെജിസ്ത്രാർ അപ്രകാരം ഗണിക്കപ്പെടുന്നതല്ല.

(ഇ) ക്രിമിനൽ നടപടി നിയമം ൩൪൫, ൩൪൬, ൩൪൭, ൩൪൮ ഈ വകുപ്പുകൾ അനുസരിച്ചു ഒരു രെജിസ്ത്രാർ ചെയ്യുന്ന ഉത്തരവുകളിന്മേൽ ആ രെജിസ്ത്രാരുടെ കച്ചേരി ഏതു സെഷ്യൻസു കോട്ടിന്റെ അധികാരാതിർത്തിക്കകത്തു സ്ഥിരമായി നടത്തപ്പെട്ടു വരുന്നുവോ ആ സെഷ്യൻസ് കോട്ടിൽ അപ്പീൽ ചെയ്യാവുന്നതായിരിക്കുന്നതാകുന്നു.

൧൦-ാം ഭാഗം.

പലവക.

൬൮. യാതൊരു രെജിസ്റ്റർ കച്ചേരിയിലാകട്ടെ ഉയിൽപത്രമൊ ദത്തെടുക്കാനുള്ള അധികാരപത്രമൊ അല്ലാത്തയാധാരങ്ങൾ ആറു മാസത്തിലധികം കാലം മടങ്ങി ചോദിക്കാതെയിരുന്നാൽ നശിപ്പിച്ചു കളയാവുന്നതാകുന്നു.

മടങ്ങി ചോദിക്കാത്ത ആധാരങ്ങൾ നശിപ്പിക്ക

൬൯. യാതൊരു രെജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനെങ്കിലും തന്റെ ഉദ്യോഗാവസ്ഥയിൽ ഉത്തമവിശ്വാസമായി വല്ലതും പ്രവൃത്തിക്കയൊ നിഷേധിക്കയൊ ചെയ്തതു ഹേതുവായിട്ടു വല്ല വ്യവഹാരത്തിനൊ അവകാശത്തിനൊ നഷ്ടത്തിനൊ ബാധ്യസ്ഥനായി തീരുകയില്ല.

രെജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ തന്റെ ഉദ്യോഗാവസ്ഥയിൽ ഉത്തമവിശ്വാസമായി ചെയ്യുന്ന യാതൊന്നിനും ഉത്തരവാദിയായിരിക്കയില്ല

൭൦. വല്ല രെജിസ്റ്റർചെയ്യുന്ന ഉദ്യോഗസ്ഥനെങ്കിലും ഈ റെഗുലേഷനൊ ഇതിനാൽ ദുർബലപ്പെടുത്തപ്പെട്ട റെഗുലേഷനൊ അനുകൂലമായി ഉത്തമവിശ്വാസമായി ചെയ്ത യാതൊന്നും അയാളെ നിയമിച്ചതിലൊ അയാളുടെ നടപടിയിലൊ ഉള്ള വല്ല ന്യൂനതയും ഹേതുവായിട്ടു മാത്രം അസാധുവായി തീർന്നതായി ഗണിക്കപ്പെടുകയില്ല.

നിയമിച്ചതിലൊ നടപടിയിലൊ ഉള്ള ന്യൂനതയാൽ രെജിസ്റ്റർ ഉദ്യോഗസ്ഥൻ ചെയ്ത യാതൊന്നും അസാധുവാകയില്ലെന്നു

ഗവർമ്മെന്റ ഉദ്യോഗസ്ഥനൊ വല്ല സർക്കാർ ജീവനക്കാരനൊ ഒപ്പിട്ടു കൊടുക്കുന്ന ആധാരങ്ങളെ രജിസ്റ്റർചെയ്യൽ

൮൮. (൧) ഇതിൽ എന്തുതന്നെ അടങ്ങിയിരുന്നാലും വല്ല ഗവർമ്മെണ്ട് ഉദ്യോഗസ്ഥനൊ വല്ല സർക്കാർ ജീവനക്കാരനൊ തന്റെ ഉദ്യോഗാവസ്ഥയിൽ താൻ ഒപ്പിട്ടുകൊടുത്ത യാതൊരു ആധാരത്തെയും രജിസ്റ്റർചെയ്യുന്നതു സംബന്ധമായ യാതൊരു പ്രവൃത്തിയിലും താൻതന്നെയൊ കാര്യസ്ഥൻ മുഖാന്തിരമൊ ഹാജരാകുകയാകട്ടെ ൩൦-ം വകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്നതനുസരിച്ചു കയ്യൊപ്പിടുകയാകട്ടെ ചെയ്യാൻ ആവശ്യമുള്ളതല്ലാ.

(൨) വല്ല ആധാരവും അപ്രകാരം ഒപ്പിട്ടു കൊടുത്തിരിക്കുമ്പോൾ ആയ്യാധാരത്തെ ഏതു ഉദ്യോഗസ്ഥന്റെ മുമ്പാകെ രെജിസ്റ്റർചെയ്യാനായി ഹാജരാക്കുന്നുവോ ആ രെജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ തനിക്കു യുക്തമെന്നു തോന്നുന്നു എങ്കിൽ, അതിനെ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനായി കാര്യത്തിന്റെ അവസ്ഥപോലെ, നമ്മുടെ ഗവർമ്മെണ്ടിലുള്ള വല്ല ഉദ്യോഗസ്ഥനൊ വല്ല സർക്കാർ ജീവനക്കാരനൊ എഴുതിയയച്ചു അറിയാവുന്നതും അതിനെ ഒപ്പിട്ടു കൊടുത്തിട്ടുള്ളതായി തനിക്കു ബോദ്ധ്യപ്പെട്ടാൽ ആയ്യാധാരത്തെ രെജിസ്റ്റർചെയ്യേണ്ടതും ആകുന്നു.

നമ്മുടെ ഗവർമ്മെന്റിനാലൊ ഗവർമ്മെന്റിനു വേണ്ടിയൊ ഒപ്പിട്ടു കൊടുക്കപ്പെടുന്ന ചില ആധാരങ്ങൾ ഒഴിവു

൯൦. (൧) ഈ റെഗുലേഷനിലൊ ഇതിനാൽ ദുർബലമാക്കപ്പെട്ട റെഗുലേഷനുകളിലൊ അടങ്ങിയിരിക്കുന്ന യാതൊന്നിനാലും താഴെ വിവരിക്കുന്ന ആധാരങ്ങളിൽ വല്ലതും രജിസ്റ്റർ ചെയ്യേണ്ടതാണെന്നു എപ്പോൾ എങ്കിലും ആവശ്യപ്പെട്ടതായിട്ടാകട്ടെ, ആവശ്യപ്പെടുന്നതായിട്ടാകട്ടെ വിചാരിക്കേണ്ടതല്ല.

(എ) ഭൂമിക്കു കരം നിർണ്ണയപ്പെടുത്തി ഏർപ്പെടുത്തുന്നതിലൊ ഏർപ്പെടുത്തിയതിനെ പരിശോധിക്കുന്നതിലൊ ഉദ്യോഗിച്ചിരിക്കുന്ന വല്ല ഉദ്യോഗസ്ഥനാലും കൊടുക്കപ്പെട്ടതായുള്ളേയും ആ കരം ഏർപ്പെടുത്തലിനുള്ള റിക്കാർഡുകളുടെ ഒരു ഭാഗമായുള്ളേയും ആധാരങ്ങൾ.

(ബി) വല്ല ഭൂമിയേയും സർവെ ചെയ്യുന്നതിലൊ സർവെ ചെയ്തതിനെ പരിശോധിക്കുന്നതിലൊ നമ്മുടെ ഗവർമ്മെന്റിനു വേണ്ടി ഉദ്യോഗിച്ചിരിക്കുന്ന വല്ല ഉദ്യോഗസ്ഥനാലും കൊടുക്കപ്പെട്ടതായുള്ളേയും ആ സർവെ വക റിക്കാർഡുകളിൽ ഒരംശമായുള്ളേയും ആധാരങ്ങൾ.

(൨) ആ വിധം ആധാരങ്ങൾ എല്ലാം ൬൩-ാം വകുപ്പിലെ കാര്യങ്ങൾക്കായി ഈ റെഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു രെജിസ്റ്റർ ചെയ്യപ്പെട്ടവയായും ചെയ്യപ്പെടേണ്ടതായും ഗണിക്കപ്പെടുന്നതാകുന്നു.

൧൯൦൮ാമാണ്ടത്തെ സിവിൽ നടപടി നിയമം അനുസരിച്ചുള്ള സർട്ടിഫിക്കേറ്റുകൾ

൮൯. ൧൯൦൮ാമാണ്ടത്തെ സിവിൽ നടപടി നിയമം ൩൧൩-ം വകുപ്പനുസരിച്ചു സ്ഥാവരവസ്തുക്കൾ വിററ വകക്കുള്ള സർട്ടിഫിക്കേററ് കൊടുക്കുന്ന എല്ലാ കോർട്ടും ആ സർട്ടിഫിക്കേററിൽ അടങ്ങിയിരിക്കുന്ന ഇളകാത്ത വസ്തു സകലമൊ അതിൽ വല്ല ഭാഗമൊ ഏതു രെജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ അധികാരാതിർത്തികൾക്കുള്ളിൽ കിടക്കുന്നുവോ ആ ഉദ്യോഗസ്ഥനു ആ സർട്ടിഫിക്കേററിന്റെ ഒരു പകപ്പു അയക്കേണ്ടതും ആ ഉദ്യോഗസ്ഥൻ ആ പകപ്പിനെ ൧-ാം പുസ്തകത്തിൽ ഫൈൽ ചെയ്തു വെക്കേണ്ടതും ആകുന്നു.

സാമാന്യകാൎയ്യ വിവരണം.

ഈ ബില്ലിന്റെ അതിപ്രധാനമായ ലക്ഷണം രജിസ്റ്റർ ചെയ്യുന്നതിന്നു ഹാജരാക്കുന്ന ഓരോ ആധാരം വകയ്ക്കും അതോടൊന്നിച്ചു അതിന്റെ ശരിയായ പകൎപ്പ ഹാജരാക്കണം എന്നുള്ള ഇപ്പോഴത്തെ ചട്ടത്തെ (ഇപ്പോഴത്തെ റെഗുലെഷൻ ൨൧-ാം വകുപ്പു) റദ്ദ് ചെയ്യണം എന്നുള്ള ഉദ്ദേശ്യമാകുന്നു. ഇപ്പോൾ നടപ്പിൽ ഇരിക്കുന്ന ൧൦൭൦ മാണ്ടത്തെ ൩-ാം റെഗുലെഷനായ തിരുവിതാംകോട്ടു രജിസ്ത്രേഷൻ റെഗുലെഷൻ ൧൮൭൭-ാം വൎഷത്തെ ൩-ാം നമ്പർ ബ്രിട്ടീഷ് ഇൻഡ്യൻ ആക്ടിന്റെ മാതിരിയിൽ രൂപീകരിക്കപ്പെട്ടിട്ടുള്ളതാകുന്നു. അതിനെ നടപ്പാക്കുന്ന കാലത്തു അതു എത്രതന്നെ ആവശ്യമെന്നോ ഗുണകരമെന്നോ വിചാരിക്കപ്പെട്ടിരുന്നിരുന്നാലും ആ ഏൎപ്പാടുകൊണ്ടുള്ള ദോഷങ്ങൾ അതുകൊണ്ടുള്ള ഗുണത്തേയും അധികം കവിഞ്ഞിരിക്കുന്നു എന്നു അതിന്റെ നടത്തിപ്പിൽ കഴിഞ്ഞ അനേകം കൊല്ലങ്ങളിൽ ഉള്ള അനുഭവം കാണിച്ചിരിക്കുന്നു. ഇതു രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്മാൎക്കും ജനങ്ങൾക്കും ഒരുപോലെ അനാവശ്യമായ ഉപദ്രവത്തെ ജനിപ്പിച്ചു രജിസ്റ്റർ ചെയ്യലിനു താമസം വരുത്തുന്നു എന്നുതന്നെയുമല്ലാ ഡയറക്ടരുടെ നിൎദ്ദേശത്തിന്മേൽ രണ്ടാം നമ്പർ ഇൻഡ്യയിലെ ഗവൎമ്മെണ്ടു ഈയിടെ നടപ്പാക്കിട്ടുള്ള ഫാറത്തിൽ ആധാരത്തിന്റെ എല്ലാ സാരഭാഗങ്ങളും അടങ്ങിയിരിക്കുന്നതുകൊണ്ടു അതിനെ ഒരു സെൻട്രൽ റിക്കാൎഡ് ആഫീസിൽ ബൈൻഡായി സൂക്ഷിച്ചുവെച്ചിരിക്കുന്നതുകൊണ്ടും പ്രസ്തുത ചട്ടംകൊണ്ടുള്ള സകലഗുണങ്ങളും സാധിക്കുന്നതിന്നു ധാരാളം മതിയാകുന്നതാകുന്നു. ആധാരം എഴുതി കൊടുക്കുന്നവരുടെ തള്ളവിരൽ അടയാളം വെപ്പിക്കുന്ന ഏൎപ്പാടും അവരുടെ ഒപ്പുകളും ഇതെമാറ്റത്തിനു സാരമായി സഹായിക്കയും ചെയ്യുന്നു.

൨. പകൎപ്പ ഏൎപ്പാടു ജനങ്ങൾക്കു മൊത്തത്തിനു എത്രത്തോളം ചിലവിനെ ഉണ്ടാക്കുന്നതായിരിക്കുന്നു എന്നുള്ള സംഗതി ൧൦൮൫-മാണ്ടിൽ പകൎപ്പ വകക്കുള്ള അച്ചടിതാളുകൾ വിററ ഇനത്തിലുണ്ടായിട്ടുള്ള തുകയും പകൎപ്പുകൾ കൊടുത്തിട്ടുള്ള എഴുത്തുകൂലിയും കൂടി അരലക്ഷം രൂപായിലും കൂടുതൽ ആയിട്ടുണ്ടെന്നു വാസ്തവത്തിൽനിന്നു കാണാവുന്നതാകുന്നു. അതുകൊണ്ടു ജനങ്ങൾക്കു പണച്ചിലവും ഉപദ്രവും ഇല്ലാതാക്കുന്നതിലേക്കും രജിസ്റ്റർ കച്ചേരികളിലെ ജോലിയെ സുഖമാക്കുന്നതിനും ഈ നടപ്പിനെ നടത്തണം എന്നു ഉദ്ദേശിച്ചിരിക്കുന്നു.

൩. ബില്ലിൽ ചേൎത്തിട്ടുള്ള മററു ഭേദഗതികൾ പ്രധാനങ്ങൾ ആകുന്നു. അവയ്ക്കു പ്രത്യേക വിവരണം ആവശ്യമില്ലാ. അവയെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിയെ ലഘുവാക്കി ജനങ്ങൾക്കു ആധാരങ്ങൾ രജിസ്റ്റർ ചെയ്തു കിട്ടുന്നതിനും ഡിപ്പാൎട്ടുമെണ്ടു ജോലിയെ കുറക്കുന്നതിനും അധികമായ സൌകൎയ്യങ്ങൾ നൽകുന്നതിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാകുന്നു.

എ. എം. മുത്തുനായകംപിള്ള.